www.malankaralibrary.com

PRISON MINISTRY INDIA
JESUS FRATERNITY

ജീസസ് ഫ്രറ്റേണിറ്റി

# വിമോചനം

ഡിസംബർ 2022



www.malankaralibrary.com
















## അഭിവന്ദ്യ പിതാക്കന്മാർക്കൊപ്പം

## ജയിൽ സന്ദർശനം


















www.malankaralibrary.com




# വിമോചനം

**വാല്യം - 36, ലക്കം - 1**
**ഡിസംബർ 2022**

**ചീഫ് എഡിറ്റർ**
ഫാ. മാർട്ടിൻ തട്ടിൽ

**കൺസൾട്ടന്റ് എഡിറ്റർ**
ആന്റണി ചടയംമുറി

**സർക്കുലേഷൻ മാനേജർ**
ജോസ് തട്ടിൽ

**എഡിറ്റോറിയൽ ബോർഡ്**
സി. ഷൈനി സക്കറിയാസ് SMMP
അലക്സാണ്ടർ വാച്ചാപറമ്പിൽ

**വിലാസം**
എഡിറ്റർ, വിമോചനം
പിഒസി, പിബി നമ്പർ: 2251
പാലാരിവട്ടം, കൊച്ചിൻ 25
Ph: 0484 280 6669, 605 6669

Email: jesusfraternitypoc@gmail.com
Website: www.jesusfraternity.org

**Design:** Vinod Nellackal
**Print:** Santhigiri Offset Printers

## ഉള്ളടക്കം

1. എഡിറ്റോറിയൽ 4
2. സന്ദേശം 6
3. മണിമേടയിലെ മാലാഖ 8
4. സമഗ്ര മാനുഷിക വികാസവും തടവുകാരുടെ അജപാലനവും 9
5. യേശുസാഹോദര്യ കൂട്ടായ്മ 12
6. സഭയും സിനഡാത്മകതയും 14
7. മനുഷ്യവംശം ദൈവത്തിന്റെ കുടുംബം 19
8. ഞാനറിഞ്ഞില്ലല്ലോ ദൈവമേ 20
9. കാഴ്ചയിലെ മനോഹാരിത 21
10. ജനനി 23
11. സ്നേഹം എന്നാലെന്താണാവോ? 24
12. ജീവിതയാത്ര 27
13. തടവറയിലെ പ്രേഷിതപ്രവർത്തനം 28
14. ലഹരിയുടെ പടുകുഴിയിൽ കേരളം 29

www.malankaralibrary.com





# ഒരിക്കലും വൈകാത്ത മാലാഖ!

**ഫാ. മാർട്ടിൻ തട്ടിൽ**
**ഡയറക്ടർ, ജീസസ് ഫ്രറ്റേണിറ്റി**



**ഞാ**യറാഴ്ചയിലെ വേദപാഠ ക്ലാസ്സിൽ അബ്രാഹം ഇസഹാക്കിനെ ബലിയർപ്പിക്കുവാൻ മോറിയാ മലയിലേക്കു പോകുന്ന രംഗം അധ്യാപകൻ കുട്ടികൾക്കു വിശദീകരിച്ചു കൊടുത്തു. ശ്വാസമടക്കിപ്പിടിച്ചിരുന്ന് കുട്ടികൾ കഥ കേട്ടു. മകനെ ബലികഴിക്കാൻ അബ്രാഹം കത്തി കയ്യിലെടുത്തു എന്നു പറഞ്ഞുനിർത്തിയപ്പോൾ ക്ലാസ്സ് മുഴുവൻ നിശബ്ദമായിരുന്നു. "അവനെ ഒന്നും ചെയ്യരുത്'' എന്ന ആജ്ഞയോടെ പ്രത്യക്ഷപ്പെട്ട 'കർത്താവിന്റെ ദൂതന്റെ' പ്രവേശനം ക്ലാസ്സുമുറിയിൽ ആശ്വാസത്തിന്റെ നെടുവീർപ്പുയർത്തി. ആശ്വാസത്തോടെ ഇരുന്ന കുട്ടികൾ പിന്നെ കേട്ടത് കൂടെയുള്ള ഒരു പെൺകുട്ടിയുടെ ഏങ്ങലടിച്ചുള്ള കരച്ചിൽ ആയിരുന്നു. കാരണമന്വേഷിച്ചുചെന്ന അധ്യാപകനോട് കുട്ടി ചോദിച്ചുവത്രേ! 'ആ മാലാഖയെങ്ങാനും അല്പമൊന്നു വൈകിയിരുന്നെങ്കിൽ ഇസഹാക്കിന്റെ ജീവിതം എന്താകുമായിരുന്നു?'' അധ്യാപകൻ അവളെ ആശ്വസിപ്പിച്ചു കൊണ്ടു പറഞ്ഞു. മാലാഖമാർ ഒരിക്കലും വൈ

www.malankaralibrary.com

കില്ല. കർത്താവിന്റെ കല്പനകൾ നിവർത്തിതമാക്കുവാൻ പാഞ്ഞു നടക്കുന്നവരാണവർ. അവർ ഒരിക്കലും വൈകില്ല. അവർ ഒരിടത്തും വൈകാറില്ല. ദൈവദൂതുമായി പാഞ്ഞുപോകുന്ന മാലാഖമാർ, അവരുടെ ദൗത്യനിർവഹണത്തിന്റെ മനോഹാരിത പോലെതന്നെ മനോഹരമാണ്. അതുകൊണ്ടാണ് അവരെ മാലാഖമാർ എന്ന് വിളിക്കുന്നത്. ബോബി ജോസ് അച്ചൻ വിവരിക്കുന്ന ഒരു അനുഭവ കഥയാണിത്.

ക്രിസ്തുമസ് ചിന്തകളിൽനിന്ന് ഒരിക്കലും മാറ്റിനിർത്താനാവാത്തവരാണ് മാലാഖമാർ. മറിയത്തെ മംഗളവാർത്ത അറിയിക്കുന്നത് ഗബ്രിയേൽ എന്ന ദൂതനാണ്. (ലൂക്കാ 1:28) മറിയം ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആണ് എന്ന വിവരം ജോസഫിനെ അറിയിക്കുന്നത് കർത്താവിന്റെ ദൂതനാണ്. (മത്താ 1:20). ഈശോ ജനിച്ചവിവരം ഇടയന്മാരെ അറിയിക്കുന്നതും കർത്താവിന്റെ ദൂതനാണ് (ലൂക്കാ 2:9). മന്നിൽ അവതരിച്ച മിശിഹായ്ക്ക് ആദ്യം സ്തുതി പാടുന്നതും മാലാഖമാരാണ് (ലൂക്കാ 2:13). തിരുകുടുംബത്തിന്റെ ജീവിത പാതയിൽ സ്വർഗ്ഗത്തിന്റെ കരുതൽ തീർക്കുന്നതും മാലാഖമാരാണ് (മത്താ 2:13). പരിക്ഷീണിതനായ ഈശോയെ ശുശ്രൂഷിക്കുന്നതും (മത്താ 4:11) ആശ്വസിപ്പിക്കുന്നതും മാലാഖമാരാണ് (ലൂക്കാ 22,43). മനുഷ്യപുത്രൻ സ്വപിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതമാരോടൊത്ത് വരാനിരിക്കുന്നു (മത്താ 16, 27) വെന്ന് വചനം മുന്നറിയിപ്പുനല്കുന്നു. മാർക്കോ 8:38 & ലൂക്കാ 9:26 എന്നീ വചനഭാഗങ്ങൾ ദൈവദൂതന്മാരുടെ അകമ്പടിയോടെ ആഗതനാകുന്ന മനുഷ്യപുത്രനെ അവതരിപ്പിക്കുന്നു. സ്വർഗത്തിൽ നമുക്കുവേണ്ടി വാദിക്കുന്ന മാലാഖമാരുമുണ്ട് (മത്താ 18,11). നമ്മുടെ ജനനം മുതൽ മരണംവരെ നമ്മെ കാത്തുസൂക്ഷിക്കാൻ നിയുക്തരായിരിക്കുന്ന കാവൽമാലാഖമാരുമുണ്ട്. മാലാഖമാരുടെ സംരക്ഷണയാലും, സാന്നിദ്ധ്യത്താലും സമ്പന്നമാണ് നമ്മുടെ ജീവിതം.

മാലാഖമാരെപ്പോലെ സ്വർഗ്ഗദൂതന്മാരായി, സംരക്ഷകരായി നമ്മുടെ ജീവിതത്തിലേക്ക്കടന്നുവരുന്നമനുഷ്യരേയുംനാം കണ്ടുമുട്ടിയിട്ടുണ്ട്. പാപത്തിന്റെ ചെളിക്കുഴിയിൽ വീഴാതിരിക്കാൻ സ്നേഹപൂർവ്വം കൈപിടിച്ച സുഹൃത്ത് ഒരു മാലാഖയാണ്. അരുതെന്ന ആക്രോശത്തോടെ ചീത്ത കൂട്ടുകെട്ടുകളിൽ പെട്ടുപോകാതിരിക്കാൻ വിലക്കേർപ്പെടുത്തിയ അധ്യാപകർ മാലാഖമാരാണ്. കരുതലിന്റെ കാവൽമാടം തീർത്ത് സ്നേഹത്തോടെ വിയർപ്പൊഴുക്കി അധ്വാനിച്ച് ത്യാഗപൂർണമായ ജീവിതത്തിനൊടുവിൽ അലിഞ്ഞില്ലാതായി പോകുന്ന മാതാപിതാക്കൾ മാലാഖമാരല്ലേ! യാതൊരു വഴിയുമില്ലാതെ നട്ടംതിരിഞ്ഞ് നില്ക്കുന്ന സമയത്ത് നിസ്സഹായവസ്ഥ മനസ്സിലാക്കി സഹായത്തിനെത്തുന്ന സഹോദരൻ മാലാഖയാണ്.

മറ്റുള്ളവരുടെ ജീവിതത്തിൽ രക്ഷകരായി പറന്നിറങ്ങുവാൻ സാധിച്ച മധുരസ്മരണകൾ ഇപ്പോൾ നമ്മുടെ മനസ്സിലും തെളിയുന്നില്ലേ. ചെയ്യാത്ത കുറ്റത്തിന് തടവറയിൽ അടക്കപ്പെട്ട മനുഷ്യന്റെ നിസ്സഹായത മനസ്സിലാക്കി സ്വന്തം ഭാര്യയെകൊണ്ട് ആ മനുഷ്യനുവേണ്ടി ജാമ്യാപേക്ഷ സമർപ്പിച്ച ഒരു മനുഷ്യനെ, അല്ല ഒരു മാലാഖയെ കഴിഞ്ഞദിവസം ഞാൻ കണ്ടുമുട്ടിയതോർക്കുന്നു. 'ഗുണ്ടാപട്ടം' ചൂടി തെരുവിനെ വിറപ്പിച്ചിരുന്നവരെ സ്വന്തം കുടുംബത്തിലേക്ക് കൂട്ടികൊണ്ടുവന്ന് സ്നേഹിച്ച് കീഴ്പ്പെടുത്തുകയും, പുതിയ ജീവിതത്തിനായി പ്രേരിപ്പിക്കുകയും ചെയ്യുന്ന മനുഷ്യരെ മാലാഖമാരെന്നല്ലാതെ എന്തുവിളിക്കും?

അതേ, നീയൊരു മാലാഖയാണ്. നീയൊരു മാലാഖയാകേണ്ടവനാണ്. അനേകരുടെ ജീവിതത്തിലേക്ക് സ്വർഗ്ഗത്തിന്റെ രക്ഷാദൂതുമായി പറന്നെത്തുന്ന മാലാഖ. പരിക്ഷീണിതരുടെ ജീവിതത്തിലേക്ക് ശുശ്രൂഷയുമായി എത്തുന്ന മാലാഖ. ജീവിതഭാരത്താൽ തളർന്നുപോകുന്നവർക്ക് ശക്തിയായി പ്രത്യക്ഷപ്പെടുന്ന, ധൈര്യം പകരുന്ന ഗദ്സമെനിലെ മാലാഖ! ന്യായാസനത്തിങ്കൽ നീതിക്കുവേണ്ടി വാദിക്കുന്ന മാലാഖ. ദൈവസന്നിധിയിൽ മധ്യസ്ഥപ്രാർത്ഥനയുടെ കൂപ്പുകൈയുമായി നില്ക്കുന്ന മാലാഖ. സ്വർഗ്ഗീയഗണങ്ങളോടുകൂടെ സ്തുതി ഗീതമുയർത്തുന്ന മാലാഖ.

തടവറപ്രേഷിതർ മാലാഖമാരാകേണ്ടവരാണ്. മാലാഖമാരെപ്പോലെ വർത്തിക്കേണ്ടവരാണ്. മാലാഖ മടിപിടിക്കരുത്. മാലാഖ ഒരിക്കലും വൈകികൂടാ. മാലാഖ വൈകിയിരുന്നെങ്കിൽ ഇസഹാക്കിന്റെ തലവിധി എന്താകുമായിരുന്നു? പലരുടെയും തലവിധിമാറ്റാനുള്ള മാലാഖമാരാണ് നാം. മാലാഖമാർ ഒരിക്കലും വൈകരുത് കാരണം, അവർ മാലാഖമാരാണ്.

www.malankaralibrary.com



# നിർഭയത്വത്തിന്റെ തിരുനാളാണ് ക്രിസ്തുമസ്

**മാർ ജോസ് പുളിക്കൽ**
ചെയർമാൻ, ജെസ്റ്റിസ്, പീസ് &
ഡെവലപ്മെന്റ് കമ്മീഷൻ, കെസിബിസി



സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണല്ലോ (ലൂക്കാ 2:10) ക്രിസ്തുമസ്. സഹസ്രാബ്ദങ്ങളായി മനുഷ്യർ കാത്തിരുന്ന രക്ഷയുടെ സുദിനമാണത്. മനുഷ്യന്റെ വേദനകളിലേക്ക് ദൈവം ഇറങ്ങി വന്നതിന്റെ ഓർമ്മ. 'ക്രിസ്തുമസ് ദൃഷ്ടാന്തം' എന്ന ലൂയിസ് കാസെലിന്റെ കഥ ഈ സത്യത്തെ സവിസ്തരം അനാവരണം ചെയ്യുന്നതാണ്. മഞ്ഞു വീഴുന്ന ക്രിസ്തുമസ് രാവിൽ ജനാലയ്ക്കൽ രക്ഷ തേടിവന്ന പക്ഷിയെ രക്ഷിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ച നാസ്തികനായ മനുഷ്യനെ ഭയന്ന് പറന്നകലുന്ന പക്ഷിയുടെ കഥയാണിത്. രക്ഷിക്കുവാൻ വന്നവന്റെ രൂപം പക്ഷിക്ക് അപരിചിതമായിരുന്നതാണ് കാരണം. നിരാശനായി നിന്ന ആ നാസ്തികൻ ക്രിസ്തുമസ് കുർബാനയുടെ മണിനാദം കേട്ടപ്പോൾ ക്രിസ്തുമസ്സിന്റെ രഹസ്യം ഗ്രഹിച്ചു. താനൊരു പക്ഷിയായിരുന്നെങ്കിൽ ഒരു പക്ഷേ തന്റെ സ്നേഹം മനസ്സിലാകുമായിരുന്നു. ദൈവം മനുഷ്യനായപ്പോൾ മാത്രമാണ് മനുഷ്യന് ദൈവസ്നേഹം മനസ്സിലാകുന്നത്. അമൂർത്തമായ ആശയങ്ങൾക്ക് സാധിക്കാത്തത് മിശിഹാ തന്റെ മനുഷ്യാവതാരം വഴി മനുഷ്യർക്ക് വെളിപ്പെടുത്തി.

www.malankaralibrary.com

'ഭയപ്പെടേണ്ട ഞാൻ നിന്നോട് കൂടെയുണ്ട്' എന്നാശ്വാസ വചനമാണ് ക്രിസ്തുമസ് നമുക്ക് നൽകുന്ന സന്ദേശം. മനുഷ്യ ചരിത്രം ഭയപ്പാടുകളുടെ ചരിത്രമാണ്. ചുറ്റുവട്ടങ്ങളെ ഭയന്നിട്ടാണ് മനുഷ്യൻ ഓരോ നിമിഷവും മിഴിചിമ്മുന്നത്. ഭയം മാറ്റാനുള്ള പരിശ്രമങ്ങളാണ് മനുഷ്യന്റെ ഗവേഷണങ്ങളത്രയും. ഓരോ രാജ്യങ്ങളും ശത്രു രാജ്യത്തെ ഭയന്ന് ആണവായുധങ്ങളും അണുബോംബുകളും നിർമ്മിക്കുന്നു. റഷ്യൻ സൈന്യം ഉക്രൈനെ കീഴടക്കാൻ ശ്രമിക്കുന്നത് ഉക്രൈൻ NATO യുടെ ഭാഗമാകുന്നതിൽ ഭയന്നിട്ടാണ്. ഇറാനിൽ സ്ത്രീകൾക്ക് വ്യക്തിസ്വാതന്ത്ര്യവും വിദ്യാഭ്യാസവും താലിബാൻ ഭരണകൂടം നിഷേധിക്കുന്നത് തീവ്രവാദത്തിന്റെ വിത്തുകൾ മുളയ്ക്കാതെ പോകുമോയെന്ന ഭയത്താലാണ്. വിഴിഞ്ഞം തുറമുഖ സമരത്തെ സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും അടിച്ചമർത്താൻ ശ്രമിക്കുന്നത് അദാനി ഗ്രൂപ്പിന്റെ സാമ്പത്തിക സഹായം തങ്ങൾക്ക് നഷ്ടപ്പെടുമോ എന്ന ഭയത്താലാണ്. ദശലക്ഷക്കണക്കിന് വരുന്ന ഹൈറേഞ്ച് ജനതയുടെ മണ്ണിന്റെ അവകാശം സംരക്ഷിക്കേണ്ടവർ കണ്ണടച്ച് ഇരുട്ടാക്കുന്നതും സ്വാർത്ഥ താല്പര്യങ്ങൾ നഷ്ടപ്പെടുമോ എന്ന ഭയത്താലാണ്. കേരളത്തിൽ നിന്ന് നമ്മുടെ വിശ്വാസികളിൽ പലരും പഠനത്തിനും ജോലിക്കുമായി വിദേശത്തേക്ക് ചേക്കേറുന്നതും നാടിന്റെ അസ്ഥിരതയെ ഭയന്നിട്ടാണ്.

'ഭയപ്പെടേണ്ട' എന്ന ക്രിസ്തുമൊഴികൾ ഒരു ഭംഗിവാക്കോ ആശ്വാസവാക്കോ അല്ല. മറിച്ച് നമ്മുടെ ജീവിത പ്രതിസന്ധികളിൽ കൈപിടിച്ചു കൂടെ നടത്തുവാൻ ദൈവം കൂടെയുണ്ട് എന്നതിന്റെ പ്രഖ്യാപനമാണ്. പറുദീസായിലെ മനുഷ്യന്റെ ആദ്യ ദുഃഖം തന്നെ ഏകാന്തതയായിരുന്നു. മനുഷ്യനേകൻ ആയിരിക്കുന്നതു നന്നല്ല എന്നു കണ്ട ദൈവം അവന് ജീവിതപങ്കാളിയെയും മക്കളെയും ബന്ധുബലത്തെയും നൽകിയെങ്കിലും മനുഷ്യന്റെ ഏകാന്തത മാറിയില്ല. മനുഷ്യന്റെ ഏകാന്തത മാറ്റാൻ മനുഷ്യനെ കൊണ്ടാവില്ല എന്ന് ദൈവത്തിന് അറിയാം. മനുഷ്യന്റെ ഏകാന്തതയ്ക്ക് ദൈവം കൊടുത്ത ഉത്തരമാണ് ഇമ്മാനുവേലായ ദൈവം. അവനെ കണ്ടെത്താത്തതാണ് നമ്മുടെ ഏകാന്തതയുടെ കാരണം. കൂടെ നടക്കുന്ന ദൈവത്തെ കണ്ടുമുട്ടിയവരാണ് വിശുദ്ധ യൗസേപ്പും പരിശുദ്ധ മറിയവും. പരിശുദ്ധ അമ്മയെപ്പോലെ കൂടെയുള്ള ദൈവീക സാന്നിധ്യം നമുക്കും അനുഭവിക്കാം. തിരുപ്പിറവിയുടെ തിരികൾ ലോകമെങ്ങും പ്രകാശിക്കുമ്പോൾ എല്ലാ ഹൃദയങ്ങളിലും സന്തോഷവും സമാധാനവും നിറയട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. പുൽക്കൂട്ടിലെ ഉണ്ണീശോ നമ്മുടെ കുടുംബത്തെയും പ്രവർത്തന മണ്ഡലങ്ങളേയും ലോകംമുഴുവനെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നിങ്ങൾക്കേവർക്കും സന്തോഷപ്രദമായ ഒരു ക്രിസ്തുമസും ദൈവാനുഗ്രഹ സമൃദ്ധമായ ഒരു പുതുവത്സരവും സ്നേഹപൂർവം ആശംസിക്കുന്നു.



www.malankaralibrary.com



# മണിമേടയിലെ മാലാഖ

ബിനീത ജീസസ്സ്, തിരുവനന്തപുരം



ഹരിതാഭമാം ദിവ്യഭൂമിയിൽ
നിറഞ്ഞൊഴുകും ജീവസ്നേഹമേ
നിൻ ആത്മാവിൽ നിറകുടമാം
ജീവവവസുകൾ നിർഗളിക്കുന്നിതാ

തിരുനാമം വഹിച്ചീടുവാൻ
മെനഞ്ഞെടുത്തൊരെൻ പൊൻപാത്രമേ
ആരോടു നിന്നെഞാൻ ഉപമിക്കേണ്ടു
പ്രഭചൊരിയും പുഷ്യരാഗമേ!

കാന്തൻ തൻ ഭവനത്തിലെ
കാതരമാം നിത്യവസന്തമേ
താലന്തുകളാൽ പൂത്തുലയുന്ന
ജീവവൃക്ഷത്തിൻ നൽഫലങ്ങൾ
ഭക്ഷിക്കുവാൻ ഓടി അണയുന്നിതാ
നിൻ ചാരെ പ്രിയമക്കൾ

കുന്തമുനയാൽ കുത്തിപിളരും
മാനുഷികവ്യഥതൻ നെരിപ്പോടിൽ
കത്തിയമരുന്നു മനുഷ്യജന്മങ്ങൾ
നാഥൻ കൈകളിലെ തുളസീദളംപോൽ

സ്നേഹമായ് സാന്ത്വനമായ്
ഞങ്ങളിൽ നീ പൂത്തിറങ്ങുന്നുവോ!
കാരുണ്യത്തിൽ നിറകുടമേ
സകലകലാ നിലയമേ

അമ്മേ നിൻ മഹാസ്നേഹത്തിൻ
ദിവ്യസുഗന്ധം ഞങ്ങളിൽ പകരുന്നു
അകലെയാകാശത്ത് വെട്ടിത്തിളങ്ങിടും
താരകത്തിൻ ജ്വാലപോൽ

വിളങ്ങിടട്ടെ, തായേനിൻ അനശ്വരമാം
ദിവ്യസ്നേഹമീ ഭൂമിയിൽ
മഹത്വത്തിൻ മഹനീയ കിരീടംച്ചൂടി
ഓഫീർ തങ്കമേ, അമ്മേ!

നിൻചരണങ്ങളിൽ അർപ്പിച്ചീടുന്നിതാ
മക്കൾതൻ ഹൃത്തിലെ
സ്നേഹത്തിൻ സ്മരണയാം
വിശുദ്ധിതൻ പനിനീർപ്പൂക്കൾ

www.malankaralibrary.com

### തടവറ പ്രേഷിത ഞായർ, ആഗസ്റ്റ് 14, 2022

# സമഗ്ര മാനുഷിക വികാസവും തടവുകാരുടെ അജപാലനവും

**യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

2021 ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിച്ച ലോക തടവറ ജനസംഖ്യാ (World Priosn Population Lsit) കണക്കുപ്രകാരം ലോകമാസകലം 11.5 ദശലക്ഷം തടവുകാരാണുള്ളത്. ഭാരതത്തിൽത്തന്നെ നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കനുസരിച്ച് 1306 വ്യത്യസ്ത ജയിലുകളിലായി 4,88,511 തടവുകാരാണ് ഉള്ളത്. ഇതിൽ 413 പേർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നവരാണ്. തടവുകാരിൽ 20,046 പേർ സ്ത്രീകളാണ്; 1427 കുട്ടികൾ അവരുടെ അമ്മമാരോടൊപ്പം താമസിക്കുന്നു. നമ്മുടെ പ്രിയപ്പെട്ടവർ ആരെങ്കിലും അഴിക്കുള്ളിൽ ആയിപ്പോയാൽ നമ്മൾ എന്തു ചെയ്യും? അതിന്റെ ആഘാതം നമ്മിൽ എത്രയോ വലുതായിരിക്കും! നമ്മുടെ ഭവനങ്ങളിൽ സ്വസ്ഥമായിരുന്ന് പ്രാർത്ഥിക്കുക മാത്രമായിരിക്കുമോ നാം ചെയ്യുക? അവരുടെ മോചനത്തിനായി ചെയ്യാവുന്നതൊക്കെ ചെയ്യുവാൻ നമ്മൾ ശ്രമിക്കാതിരിക്കുമോ? നാം തടവറ പ്രേഷിത ഞായർ ആചരിക്കുമ്പോൾ ഈ തടവറ മക്കളെയെല്ലാം നമുക്ക് ഓർക്കാം; അവർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കാം. അവരെ അന്വേഷിക്കാനും ശുശ്രൂഷിക്കാനും മോചിപ്പിക്കാനുമായി നമുക്കു നമ്മെത്തന്നെ സമർപ്പിക്കാം.

നമ്മുടെ ചില സഹോദരങ്ങളുടെ ഹൃദയം പ്രതികാരബുദ്ധിയും വെറുപ്പുംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവരുടെ നിരാശാജനകമായ സാഹചര്യത്തിൽ അവരെ നയിക്കാൻ അവർക്കു ആരെങ്കിലും ഉണ്ടാകണം. ഇസ്രായേൽക്കാരെ നയിക്കാനും നിയന്ത്രിക്കാനും മോശ ഭരമേല്പിക്കപ്പെട്ടിരുന്നതുപോലെ ദൈവിക കരുണയുടെയും കൃപയുടെയും പാതയിൽ ഇവരെ അനുധാവനം ചെയ്യാനായി നാമും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

വിശുദ്ധ കൊച്ചുത്രേസ്യാ മൂന്നുപേരെ വധിച്ചിരുന്ന ഫ്രാൻസീനി എന്ന കൊലയാളിയെ 'എന്റെ ആദ്യപുത്രൻ' എന്നാണ് വിളിച്ചത്; അഴികൾക്കു പിറകിലുള്ള തകർന്നവർ ദൈവം നമുക്കു ദാനമായി നല്കിയ ദൈവത്തിൻറെ പ്രിയ മക്കളാണ്. യേശു ഇപ്രകാരം പറഞ്ഞു: 'കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം



www.malankaralibrary.com

അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടന്ന് എന്നെ അയച്ചിരിക്കുന്നു' (ലൂക്കാ 4:1819). ദൈവത്തിന്റെ പ്രിയപ്പെട്ട ഏകപുത്രൻ തടവറയിലാക്കപ്പെട്ടു; അവൻ പീഡിപ്പിക്കപ്പെട്ടു; അവൻ കുരിശിൽ തറക്കപ്പെട്ടു. അവന്റെ വേദനയും തകർച്ചയും ദൈവത്തിന്റെ സ്നേഹവും കരുണയും പ്രകാശിതമാക്കുകയും നമുക്കു രക്ഷ പ്രദാനം ചെയ്യുകയും ചെയ്തു. തടവറയുടെ കവാടങ്ങളിലൂടെ നാം കുനിഞ്ഞിറങ്ങുമ്പോൾ തടവറയിലായിരിക്കുന്നവരുടെ തകർച്ചയിലേക്കും, അവരുടെ മുറിവേറ്റ ഭാവത്തിലേക്കും നമ്മൾ തുറവി ഉള്ളവരായി മാറുന്നു. അവിടെ നമ്മൾ നമ്മുടെ സജീവ ദൈവത്തെയാണ് കണ്ടുമുട്ടുന്നത്.

നഷ്ടപ്പെട്ടവരും തിരസ്ക്കരിക്കപ്പെട്ടവരുമായവർ ദൈവത്തിന്റെ പ്രിയപ്പെട്ട മക്കളാണ്; അവിടന്നു അവരെ തന്നോട് ചേർത്തുനിർത്തുന്നു. സമൂഹം നിരാകരിച്ച കുഷ്ഠരോഗികളും ചുങ്കക്കാരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയും തന്റെ ചാരെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളനും ഇതിൽപ്പെടുന്നു. തടവറയിൽ കഴിയുന്നവരെ വിജയകരമായി സാധാരണ ജീവിതത്തിലേക്കു പുനഃപ്രവേശിപ്പിക്കാൻ അവർക്കുവേണ്ടി വ്യത്യസ്തങ്ങളായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സാമൂഹ്യമായ തിരസ്ക്കരണമാണ് വീണ്ടും പഴയ തെറ്റിലേക്ക് വഴുതിവീഴാൻ പലപ്പോഴും കാരണമായി ഭവിക്കുന്നത്.

**ഭാരതത്തിലെ തടവറ ശുശ്രൂഷയും, പുനരധിവാസകേന്ദ്രങ്ങളും**

അപൂർണമായ ഗതകാലചരിത്രം ഉണ്ടായിരുന്നവരെ യേശു ഒരിക്കലും നിരാകരിച്ചില്ല. തന്റെ അനന്ത കരുണ അവർക്ക് പ്രത്യാശാഭരിതമായ ഒരു ഭാവി നല്കുമെന്ന് യേശുവിന് അറിയാമായിരുന്നു. ഒരുവന് അത് കരഗതമാകുന്നത് ദൈവത്തിന്റെ സ്നേഹത്തിലൂടെയും അനുകമ്പയിലൂടെയും കരുണയിലൂടെയുമാണ്. അപ്രകാരം നാമും ചെയ്യണമെന്ന് അവിടന്നു നമ്മോട് ആഹ്വാനം ചെയ്യുന്നു. ഇന്ത്യയിലെ തടവറ ശുശ്രൂഷയിലെ (Priosn Minisry, India [PMI]) വോളണ്ടിയർമാർ അത് നിവർത്തിയാക്കുന്നത് തങ്ങളുടെ സമയവും ശക്തിയും ജീവിതവും കുറ്റവാളികൾ എന്നു സമൂഹം മുദ്രചാർത്തിയവർക്കു നല്ലൊരു നാളെ പ്രധാനം ചെയ്യാനായി സ്വയം സമർപ്പിച്ചുകൊണ്ടാണ്.

വിധികല്പിക്കാനായി നിയമം അവരുടെ ഭൂതകാലത്തെ വിലയിരുത്തുമ്പോൾ നമ്മൾ അവരുടെ ഭാവികാലത്തെ കരുണാപൂർവം നോക്കിക്കാണുന്നു. നിയമം വഴിതെറ്റിപ്പോയവർക്കെതിരേ വിധി പറയുമ്പോൾ നമ്മൾ, അവരെ നമ്മുടെ സ്വർഗീയ പിതാവിന്റെ സംരക്ഷണത്തിനായി സമർപ്പിക്കുന്നു. നിയമം അവരെ താഴ്ത്തി നിറുത്തുമ്പോൾ നമ്മൾ അവരുടെ മഹത്വം ഉയർത്തിപ്പിടിക്കാൻ പരിശ്രമിക്കുന്നു. ലോകം നീതിക്കായി പോരാടുമ്പോൾ നമ്മൾ പുനഃസ്ഥാപിക്കപ്പെടേണ്ട നീതിക്കായി (restorative justice) മുറവിളി കൂട്ടുന്നു. ലോകം ശിക്ഷയ്ക്കായി ശബ്ദമുയർത്തുമ്പോൾ നമ്മൾ മാപ്പിനായി യാചിക്കുന്നു. നിയമം കൊല്ലാൻ ഇഷ്ടപ്പെടുമ്പോൾ നമ്മൾ രക്ഷിക്കാൻ താത്പര്യപ്പെടുന്നു. ലോകം ഒരു കുറ്റവാളിയുടെ പുസ്തകം അടയ്ക്കുമ്പോൾ നമ്മൾ, 'അവനും മോചിക്കപ്പെടാൻ സാധിക്കാത്തവനല്ല' എന്നു പറഞ്ഞുകൊണ്ട് പുതിയൊരു അധ്യായം തുറക്കുന്നു.

നമ്മുടെ ഈ കാലഘട്ടത്തിൽ പുനരധിവാസവും ഉദ്ഗ്രഥനവും വഴിയായി ജീസസ്സ് ഫ്രറ്റേണിറ്റിയിലെ തടവറ പ്രേഷിതർ അഴികൾക്ക് പിന്നിലുള്ളവരെ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ പുനരധിവാസ കേന്ദ്രങ്ങളിലേക്കു നയിച്ചുകൊണ്ട് ഈ തകർന്ന മനുഷ്യർക്ക് പ്രതീക്ഷയുടെ തേനും പാലും ഒഴുകുന്ന ഒരു വാഗ്ദത്തനാട് കണ്ടെത്താൻ സഹായിക്കുന്നു. അതുവഴി ഒരു നവചൈതന്യം അവരിൽ ഉണർത്താൻ നമുക്കു സാധിക്കുന്നു. ഈ പുനരധിവാസ കേന്ദ്രങ്ങളിൽ അവരുടെ പ്രതീക്ഷകൾക്കും സ്വപ്നങ്ങൾക്കും ചിറകു മുളയ്ക്കുന്നു; തടവറ പ്രേഷിതർ അവർക്കു ക്രിസ്തുവിന്റെ സ്നേഹം പകർന്നു നല്കിക്കൊണ്ട് അവരെ സമൂഹവുമായി ഒന്നിപ്പിക്കാൻ ശ്രമിക്കുന്നു.

1991 ഒക്ടോബർ 1ാംതീയതിയാണ് ആദ്യ പുനരധിവാസകേന്ദ്രം, 'സ്നേഹാശ്രമം' എന്ന പേരിൽ തൃശ്ശൂർ ജില്ലയിൽ വെട്ടുകാട് എന്ന സ്ഥലത്ത് പ്രവർത്തനമാരംഭിച്ചത്. ഇന്ന് ഭാരതത്തിൽ ഇപ്രകാരമുള്ള 20 പുനരധിവാസകേന്ദ്രങ്ങളുണ്ട്. ഓരോ പുനരധിവാസകേന്ദ്രവും അവിടെ താമസിക്കുന്ന അന്തേവാസികൾക്ക് പറുദീസാ വീണ്ടും ലഭിച്ചതുപോലെയുള്ള അനുഭവമാണ് പ്രദാനം ചെയ്യുന്നത്. നിരാശയിലായിരുന്നവർക്ക് സ്നേഹാശ്രമം ഒരു പ്രത്യാശാ ഗോപുരവും, നിസ്സഹായർക്ക് ഒരു സഹായകേന്ദ്രവും, ജയിലിൽ വെറുക്കപ്പെട്ടവരായിരുന്നവർക്ക് ആശ്വാസത്തിന്റെ സ്നേഹതീരവും ആണ്.

www.malankaralibrary.com

**ഒരമ്മയുടെ സാക്ഷ്യം**

ഭർത്താവിൽ നിന്നുള്ള പ്രഹരത്തിൽ നിന്ന് രക്ഷപ്പെടാനായി പരിശ്രമിക്കവേ ഭർത്താവ് കൊല്ലപ്പെട്ട കേസിൽ ഒരു ഭാര്യ രണ്ടു വയസ്സുള്ള തന്റെ കുഞ്ഞിനോടൊപ്പം ബാംഗ്ലൂർ സെൻട്രൽ ജയിലിലേക്ക് അയയ്ക്കപ്പെട്ടു. ആറാമത്തെ വയസ്സിൽ ഈ കുഞ്ഞിനെ തടവുകാരുടെ മക്കൾക്കായി നടത്തപ്പെടുന്ന ബാംഗ്ലൂരിലെ കർമ്മലാരാമിലെ പുനരധിവാസ കേന്ദ്രത്തിലേക്കു മാറ്റി. ഒരിക്കൽ നിറകണ്ണുകളോടെ ഈ അമ്മ ഇപ്രകാരം പറഞ്ഞു: 'ഞങ്ങളുടെകൂടെയായിരുന്നു ഈ കുഞ്ഞ് വളർന്നിരുന്നതെങ്കിൽ ഇപ്പോഴത്തെപ്പോലെ ചുറുചുറുക്കും ബുദ്ധിയുമുള്ള ഒരു കുട്ടിയായി അവൻ തീരുമായിരുന്നില്ല. നിങ്ങളുടെ സംരക്ഷണയിലായിരുന്നതുകൊണ്ടാണ് അവൻ ഇന്ന് ഇത്രയും മിടുക്കനായിരിക്കുന്നത്.'

**ഉപസംഹാരം**

തടവറയിലെ ഈ തകർക്കപ്പെട്ട സഹോദരങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനും അവരെ സമൂഹവുമായി പുനർയോജിപ്പിക്കുന്നതിനുമായി തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ ജീസസ്സ് ഫ്രറ്റേണിറ്റിയോടുചേർന്ന് നമുക്കും പ്രവർത്തിക്കാം. ഓരോ രൂപതയിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജീസസ്സ് ഫ്രറ്റേണിറ്റി യൂണിറ്റുകളിൽ നമുക്കും അംഗങ്ങളാകാം. തടവറയിലായിരിക്കുന്ന സഹോദരങ്ങളെ നമുക്ക് സ്നേഹിക്കാം; അവർക്കുവേണ്ടി പ്രാർഥിക്കാം; സമഗ്രമായ അവരുടെ വികാസത്തിനുവേണ്ടി പ്രവർത്തിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. തടവറ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ ഇരകളുടെ കുടുംബങ്ങൾക്കുവേണ്ടിയും പ്രത്യേകമായി നമുക്കു പ്രാർഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.

ഈ ശുശ്രൂഷയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്ന എല്ലാ രൂപതകൾക്കും മേജർ സുപ്പീരിയർമാർക്കും, അഭ്യുദയകാംക്ഷികൾക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയോടുചേർന്ന് ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. ഈ വർഷവും നിങ്ങളുടെ ത്യാഗോജ്ജ്വലമായ സംഭാവനകൾ നല്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

തടവുകാരുടെ പരിവർത്തനത്തിനും ഉദ്ഗ്രഥനത്തിനുമായി പ്രതിജ്ഞാബദ്ധരായിരിക്കുന്ന തടവറ പ്രേഷിതരുടെ പ്രവർത്തനങ്ങളെ ഞങ്ങൾ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നു. എല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ വെല്ലുവിളി നിറഞ്ഞ ഒരു പ്രവൃത്തിയാണല്ലോ ഇത്. തടവറയിലുള്ള നമ്മുടെ സഹോദരങ്ങളുടെ സമ്പൂർണ വിമോചനത്തിനായി നാം നമ്മെത്തന്നെ പുനഃസമർപ്പിക്കുമ്പോൾ ജീസസ്സ് ഫ്രറ്റേണിറ്റിയുടെ സംരക്ഷകനായ വിശുദ്ധ മാക്സ്മില്യൻ കോൾബെ നമ്മുടെ ശുശ്രൂഷ ഫലപ്രദമാകാൻവേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ; നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെ സംരക്ഷണവും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശു ക്രിസ്തു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ബിഷപ്പ് ആൽവിൻ ഡി സിൽവ**
ചെയർ പേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

www.malankaralibrary.com

# യേശുസാഹോദര്യ കൂട്ടായ്മ

ആനി തോമസ് (തുളസി)
തിരുവനന്തപുരം



'നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും, നിങ്ങളുടെ ഫലം നിലനില്ക്കുന്ന തിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു' (യോഹ. 15.16) കർത്താവിനാലാണ് നാം തെരെഞ്ഞെടുക്കപ്പെടേണ്ടതും വിളിക്കപ്പെടേണ്ടതും നിയോഗിക്കപ്പെടേണ്ടതും! ദൈവം തിരഞ്ഞെടുക്കുന്നവർ നിലനിൽക്കുന്ന ഫലം പുറപ്പെടുവിക്കേണ്ടവരാണെന്നത് ഒരു സ്മരണീയ സത്യമാണ്.

മറ്റെല്ലാ ശുശ്രൂഷകളേക്കാൾ ഏറ്റവും മഹത്തരമാണ് തടവറ ശുശ്രൂഷ. ഒരു വലിയ മതിൽകെട്ടിനുള്ളിൽ എല്ലാതരത്തിലുമുള്ള ആളുകളേയും നമുക്ക് ഇവിടെ കാണാം. കുറ്റം ചെയ്തിട്ട് കുറ്റബോധമുള്ളവരും, കുറ്റബോധം ഒട്ടുമില്ലാത്തവരും, സ്വയം ന്യായീകരിക്കുന്നവരും ഇവിടുണ്ട്. വികലാംഗരും വൃദ്ധരും രോഗികളും, വിദ്യാസമ്പന്നരും വിദ്യാവിഹീനരും സകലകലാവല്ലഭന്മാരും ഇവിടുണ്ട്. ഇത്തരത്തിലുള്ളവരെല്ലാം തന്നെ നമ്മുടെ സമൂഹത്തിലും, നമ്മുടെ കുടുംബങ്ങളിലും പിടിക്കപ്പെടാത്തവരായി ഉണ്ടെന്ന ബോദ്ധ്യത്തോടെ ഈ ശുശ്രൂഷ ചെയ്താൽ ദൈവം ആഗ്രഹിക്കുന്ന ഫലം പുറപ്പെടുവിക്കുന്ന ശുശ്രൂഷകരായി മാറാൻ നമുക്ക് സാധിക്കും.

'തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവിലായിരുന്നാലെന്ന പോലെ പെരുമാറുവിൻ (ഹെബ്രായർ 13:3) അതായത് ബന്ധനത്തിലും പീഡനത്തിലും കഴിയുന്നവർ നിങ്ങളാണ്; നമ്മളാണ് എന്ന ചിന്തയോടെ അവരോട് ഇടപെടണം.

തടവറയിൽ ധാരാളം പ്രാർത്ഥന കൂട്ടായ്മകൾ ശുശ്രൂഷ ചെയ്യുന്നുണ്ട്. എങ്കിലും യേശുസാഹോദര്യ കൂട്ടായ്മയുടെ ശുശ്രൂഷ വേറിട്ടുനിൽക്കുന്നു. കാരണം നമുക്കു മാത്രമേ കുമ്പസാരവും വിശുദ്ധ കുർബാനയും ഉള്ളൂ. ബഹുമാനപ്പെട്ട പു

www.malankaralibrary.com

രോഹിതരും കന്യാസ്ത്രീകളും ശുശ്രൂഷയ്ക്ക് വരുമ്പോൾതന്നെ തടവറ മക്കൾക്ക് വലിയ ഒരു ആശ്വാസമാണ്. അതുകൊണ്ട് തടവറമക്കൾ സഭാവ്യത്യാസമില്ലാതെ നമ്മടെ ശുശ്രൂഷയിൽ പങ്കെടുക്കാറുണ്ട്. അവരുടെ വേദനകൾ പ്രാർത്ഥനാ വിഷയങ്ങൾ പറയാറുണ്ട്. സത്യമായിട്ടും അവർക്കുവേണ്ടി നമ്മൾ പ്രാർത്ഥിക്കുന്നുമുണ്ട്. നല്ലവനായ ദൈവം അവരുടെ പ്രാർത്ഥനയ്ക്ക് ഉത്തരവും നൽകുന്നുണ്ട് എന്ന് അവർ സാക്ഷ്യമായി പറയാറുമുണ്ട്.

അതുമാത്രമല്ല, യേശു സാഹോദര്യ കൂട്ടായ്മയിലെ അംഗങ്ങൾ തടവറമക്കളുടെ ഭവനങ്ങളിലേയ്ക്കും പോകാറുണ്ട്. വൃദ്ധരും രോഗികളും ആയിട്ടുള്ള അവരുടെ മാതാപിതാക്കൾ കൂടപ്പിറപ്പുകൾ ഇവരെയൊക്കെ സന്ദർശിച്ച് അവരുടെ കൊച്ച് കൊച്ച് ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കുകയും അവരോടൊപ്പമിരുന്ന് വർത്തമാനമൊക്കെ പറഞ്ഞ്, പ്രാർത്ഥിച്ച് മടങ്ങുമ്പോൾ അവരും ഞങ്ങളും അനുഭവിക്കുന്ന സന്തോഷം വാക്കുകൾക്ക് അതീതമാണ് അവരുടെ മക്കളുടെ പഠനം, ആദ്യ കുർബാന വിവാഹം ഇവിയിലൊക്കെ യേശു സാഹോദര്യ കൂട്ടായ്മ കഴിവതും പങ്കെടുക്കുന്നുണ്ട്.

'ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ് ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല' (യോഹ.15.5) മുന്തിരിതണ്ടാണ് ചില്ലകൾക്ക് (ശാഖകൾക്ക്) ജീവനും ഫലോത്പാദനത്തിന് ശക്തിയും നല്കുന്നത്. അങ്ങനെ തന്നെ ക്രിസ്തുവും തന്നിൽ ബന്ധപ്പെട്ടിരിക്കുന്നവർക്ക് ആത്മീയജീവന് ശക്തി നൽകുന്നു. ഉപവാസവും പ്രാർത്ഥനയും ആണ് യേശുസാഹോദര്യ കൂട്ടായ്മയുടെ ബലം. ശുശ്രൂഷയ്ക്ക് കയറുന്നതിന് മുൻപ് കൃപയാചിച്ചും, ശുശ്രൂഷകഴിഞ്ഞ് ഇറങ്ങുമ്പോൾ നന്ദിപറഞ്ഞും കൈകൾ കോർത്തു പ്രാർത്ഥിക്കുന്നു.

ഒത്തിരി റിസ്ക്കും ഈ ശുശ്രൂഷയ്ക്കുണ്ടന്ന ഓർമ്മയോടെ വേണം ഈ ഉത്തവാദിത്വം ഏറ്റെടുക്കുവാൻ. 'ദാസൻ യജമാനനേക്കാൾ വലിയവനല്ല എന്ന് ഞാൻ നിങ്ങളോടുപറഞ്ഞ വചനം ഓർമിക്കുവിൻ' (യോഹ. 15:20) 'ഇതുപോലെതന്നെ നിങ്ങളും കല്പിക്കപ്പെട്ടവയെല്ലാംചെയ്തുതിനുശേഷംതങ്ങൾപ്രയോജനമില്ലാത്ത ദാസന്മാരാണ് കടമനിർവ്വഹിച്ചതേയുള്ളൂ എന്നുപറയുവിൻ' (ലൂക്ക. 17: 10).

നമ്മൾ പ്രയോജനമില്ലാത്ത ദാസന്മാരാണെന്ന ബോധം നമ്മെ ഭരിക്കട്ടെ. 'പ്രയോജനമില്ലാത്ത ദാസൻ' എന്ന് കർത്താവ് നമ്മെക്കുറിച്ച് പറയുവാനിടവരുത്താതെ നമുക്ക് എളിമയോടെ പ്രവർത്തിച്ചു കൊണ്ടിരിക്കാം.

ദൈവകൃപയാൽ തടവറ ഉദ്യോഗസ്ഥരുടെ സമ്പൂർണ്ണ സഹകരണം യേശു സാഹോദര്യ കൂട്ടായ്മയ്ക്ക് ലഭിക്കുന്നുവെന്നത് വലിയ ഒരു അനുഗ്രഹമാണ്. നമ്മളും അവരുടെ നിയമങ്ങളും ചട്ടങ്ങളും അണുവിട തെറ്റിയ്ക്കാറുമില്ല.

സർവ്വശക്തനായ ദൈവത്തിന്റെ വലിയ കൃപയാൽ തടവറമക്കൾക്കും അവരുടെ കൂടുംബത്തിനും വേണ്ടി ഈ കൂട്ടായ്മചെയ്ത, ചെയ്തുകൊണ്ടിരിക്കുന്ന നന്മനിറഞ്ഞ പ്രവർത്തനങ്ങൾ നിരവധിയാണ്. കൂടാതെ ഇവരുടെ പരോൾ, പുനരധിവാസം ഇവയിലും നാം ശ്രദ്ധിക്കുന്നു.

'ഭയപ്പെടേണ്ട ഇതാ സകല ജനത്തിനുവേണ്ടിയുള്ള ഒരു വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു' (ലൂക്ക. 2:10) ക്രിസ്തുവിൻറെ ജനനത്തെക്കുറിച്ച് ദൂതൻ നൽകുന്ന ഒന്നാമത്ത സന്ദേശമാണിത് (1) ഭയത്തിൽനിന്ന് വിടുതൽ (2) അത് യഹൂദർക്ക് മാത്രമോ ഒരു ദേശത്തിന് മാത്രമോ ഉള്ള സന്തോഷമല്ല; പിന്നെയോ സർവ്വലോകവും അനുഭവിക്കാൻ പോകുന്ന 'മഹാസന്തോഷമത്രേ'. ഈ സന്തോഷത്തിൽ നമുക്കും പങ്കുചേരുവാൻ ആത്മാർത്ഥമായി ഒരുങ്ങാം.

നമുക്ക് പ്രാർത്ഥിക്കാം

നല്ലവനായ ദൈവമേ, തടവറ മക്കളുടെ ശുശ്രൂഷയ്ക്കായി അങ്ങ് തിരഞ്ഞെടുത്തിരിക്കുന്ന ഓരോരുത്തരേയും അവിടുത്തെ കൃപകൊണ്ട് നിറയ്ക്കേണമേ. പൂർണ്ണമായി ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ഞങ്ങളുടെ സമർപ്പണത്തെ അങ്ങ് സ്വീകരിക്കേണമേ.

അമ്മേ, മാതാവേ, ഞങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കേണമേ.

സകലവിശുദ്ധരേ, മാലാഖമാരേ, ഞങ്ങൾക്ക് കാവലും കോട്ടയുമായിരിക്കേണമേ.

തടവറമക്കളുടെ മദ്ധ്യസ്ഥനായ വിശുദ്ധ മാക്സിമില്ല്യൻ കോൾബെ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ആമ്മേൻ.

www.malankaralibrary.com

# സഭയും സിനഡാത്മകതയും

**ഫാ. ഡോ. ജേക്കബ് പ്രസാദ്**



**ആമുഖം**

പത്രോസും ഇതര ശിഷ്യരും സഭയ്ക്ക് മുഴുവനുമായി കൂട്ടുത്തരവാദിത്വത്തോടെ നിന്നതുപോലെ മാർപ്പാപ്പായും മെത്രാന്മാരും ഒരുമിച്ച് സഭയിലും പൊതുജീവിതത്തിലും അജപാലനത്തിലും സംഘം ചേർന്നു നില്ക്കുന്നു എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ അവതരിപ്പിച്ച കാഴ്ചപ്പാട്. അക്കാര്യം വ്യക്തമായി പ്രകാശിതമാകുന്നത് സാർവത്രിക സൂനഹദോസുകളിലാണ്. എന്നാൽ അവ ഒന്നോ രണ്ടോ നൂറ്റാണ്ടുകൾ കൂടുമ്പോൾ ഒരിക്കൽ നടന്നുവരുന്നവയാണ്. അതിനാൽ സഭയെ കൂട്ടുത്തരവാദിത്വത്തോടെ നയിക്കാനുള്ള ചിന്തകളും പദ്ധതികളും രൂപപ്പെടുത്താൻ 1965ൽ പോൾ ആറാമൻ മാർപ്പാപ്പാ സ്ഥാപിച്ച പ്രസ്ഥാനമാണ് മെത്രാന്മാരുടെ സാധാരണ സിനഡ്. ലോകമാസകലമുള്ള മെത്രാന്മാരുടെ പ്രതിനിധികൾ വന്നുചേരുന്ന പ്രസ്തുത സമ്മേളനങ്ങൾ ആദ്യകാലത്ത് രണ്ടുവർഷത്തിൽ ഒരിക്കൽ ആയിരുന്നത് പിന്നീട് മൂന്നുവർഷത്തിൽ ഒരിക്കൽ എന്നു നിജപ്പെടുത്തുകയുണ്ടായി. ഇതുവരെ അപ്രകാരമുള്ള 15 സിനഡ് സമ്മേളനങ്ങളാണ് നടന്നിട്ടുള്ളത്. അടുത്ത സിനഡ് 2023 ഒക്ടോബറിലാണ് റോമിൽ വച്ച് നടക്കാൻ പോകുന്നത്. ഈ പതിനാറാമത് സിനഡിന്റെ ചർച്ചാ വിഷയം, 'ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം' എന്നതാണ്. എന്നാൽ ഈ സിനഡ് ലോകത്തിലെ തെരഞ്ഞെടുത്ത മെത്രാന്മാരുടെ കൂടിവരവിൽ നടക്കുന്ന ചർച്ചയായി മാത്രം ആയിരിക്കുവാൻ ഫ്രാൻസിസ് മാർപ്പാപ്പ താത്പര്യപ്പെടുന്നില്ല. ഇതിൽ സഭ മുഴുവനെയും ഒരുമിച്ചുകൊണ്ടുവന്നു ചിന്തിപ്പിക്കാനും അങ്ങനെ അവസാനം ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാനുമാണ് പാപ്പാ ആഗ്രഹിക്കുന്നത്. ആകയാൽ 2021 ഒക്ടോബർ മുതൽ 2023 ഒക്ടോബർവരെ സഭ മുഴുവനും ഒരു സിനഡാത്മക പാതയിലായിരിക്കുവാനാണ് തീരുമാനം. സിനഡാത്മക പാത ഒക്ടോബർ 9, 10 ദിവസങ്ങളിലായി ഫ്രാൻസിസ് പാപ്പാ റോമിൽ ആരംഭിക്കുകയുണ്ടായി. പ്രാദേശിക സഭകളിൽ (രൂപതകളിൽ) അതിന്റെ ആരംഭം 2021 ഒക്ടോബർ 17 ാം തീയതി ആയിരുന്നു. 'സിനഡാത്മകതയുടെ ഒരു പാതയാണ് മൂന്നാം സഹസ്രാബ്ദത്തിൽ ദൈവം സഭയിൽ നിന്നു പ്രതീക്ഷിക്കുന്നത്' (PD, J.1) എന്നു പാപ്പാ കരുതുന്നു. ഈ രണ്ടു വർഷത്തെ സിനഡാത്മക സഞ്ചാരത്തെ സഹായിക്കാനായി വത്തിക്കാനിൽ നിന്നും സിനഡ് സെക്രട്ടറിയേറ്റിലേക്ക് ഒരു സൂചനാ ചിത്രവും (logo) ഒരു ഒരുക്കരേഖയും (Preparatory Documet [PD]) ഒരു കൈപ്പുസ്തകവും (Handbook Vademecum) പ്രസിദ്ധീകരിച്ചിട്ടുണ്ട്. വളരെ പ്രായോഗിക തലത്തിലുള്ള ഉപകരണങ്ങൾ ആണിവ.




**ഒരുമിച്ചുള്ള സഞ്ചാരം**

സിനഡിനെ പല ഘട്ടങ്ങളിലൂടെയുള്ള ഒരു പ്രയാണമായിട്ടാണ് വിഭാവന ചെയ്തിരിക്കുന്നത്. ആദ്യം 2021 ഒക്ടോബറിൽ തുടങ്ങി ഒരുക്കരേഖയുടെയും അതിന്റെ കൈപ്പുസ്തകത്തിന്റെയും ചുവടു പിടിച്ച്

www.malankaralibrary.com

രൂപതാതലത്തിലും പൗരസ്ത്യസഭകളുടെ സിനഡുകളിലും മെത്രാൻ സംഘങ്ങളിലും ചർച്ച നടക്കുന്നു. ഈ ചർച്ചകളുടെ സംഗ്രഹം ഏപ്രിൽ 2022ൽ സിനഡ് സെക്രട്ടറിയേറ്റിൽ എത്തേണ്ടതായുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയേറ്റ് 2022 സെപ്തംബറോടുകൂടെ ആദ്യ പ്രവർത്തന രേഖ (Inrumsetnutm Laborsi) പുറപ്പെടുവിക്കുന്നു. പ്രസ്തുത പ്രവർത്തന രേഖ ഏഴു ഭൂഖണ്ഡങ്ങളിലേയും മെത്രാൻ സംഘങ്ങളുടെ ഭൂഖണ്ഡതലത്തിലുള്ള ചർച്ച 2023 മാർച്ചിനു മുമ്പായി നടത്തി 2023 മാർച്ചിൽ ഏഴ് രേഖകളായി സെക്രട്ടറിയേറ്റിനു സമർപ്പിക്കുന്നു. സെക്രട്ടറിയേറ്റ് അതു പഠിച്ച് 2023 ജൂൺ ഓടുകൂടെ രണ്ടാമത്തെ പ്രവർത്തന രേഖ തയ്യാറാക്കുന്നു. 2023 ഒക്ടോബറിൽ റോമിൽ വച്ച് ഈ പ്രവർത്തനരേഖയുടെ അടിസ്ഥാനത്തിൽ മെത്രാന്മാരുടെ സിനഡിന്റെ 16 ാ മത് പൊതു സമ്മേളനം നടക്കുന്നു.

ഒരുക്കരേഖയും രണ്ടാം ഖണ്ഡികയിൽത്തന്നെ 'ഒരുമിച്ചുള്ള സഞ്ചാര'ത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുന്നു: (i) ചരിത്രത്തിലൂടെ ദൈവാത്മാവ് സഭയെ എങ്ങനെയാണ് നയിച്ചതെന്നു കണ്ടുകൊണ്ട് എങ്ങനെയാണ് ഇന്ന് സഭാംഗങ്ങളെ ദൈവസ്നേഹത്തിൻറെ സാക്ഷികളാകാൻ ക്ഷണിക്കുന്നതെന്ന് അറിയാൻ; (ii) ഒരു പങ്കാളിത്വ ഭാവത്തോടെ സഭയെ കെട്ടിപ്പടുത്താൻ ഓരോരുത്തർക്കും പറയാനുള്ളതു കേൾക്കാൻ; (iii) പൊതു നന്മയ്ക്കായി ആത്മാവ് നല്കുന്ന ദാനങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കാൻ; (iv) സുവിശേഷം അറിയിക്കാനും ലോകത്തെ സുന്ദരമാക്കുവാനുമുള്ള ഉദ്യമത്തിനുള്ള പങ്കാളിത്ത സ്വഭാവമുള്ള മാർഗങ്ങൾ കണ്ടെത്താൻ; (v) ഉത്തരവാദിത്വവും അധികാരവും സഭയിൽ എങ്ങനെ അഭ്യസിക്കുന്നു എന്നു കണ്ടെത്താൻ; (vi) സമൂഹത്തിലെ വിവിധ ശുശ്രൂഷകളിൽ ഇടപെടുന്നതിൽ സഭയെ വിശ്വസിക്കാവുന്ന ഒരു പങ്കാളിയായി എങ്ങനെ മാറ്റാൻ സാധിക്കും എന്നതു കണ്ടെത്താൻ; (vii) ഇതര ക്രൈസ്തവ അക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ ഉള്ള ബന്ധങ്ങൾ പുനഃസ്ഥാപിക്കാൻ; (viii) സമീപകാലത്തുണ്ടായ സിനഡാത്മക അനുഭവങ്ങളിൽ നിന്നുണ്ടായ ഫലങ്ങൾ എങ്ങനെ സഭയുടെ വിവിധ തലങ്ങളിൽ പ്രകാശിതമായെന്നുള്ളതു കണ്ടെത്താൻ.

ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധ്യമാകുന്നതിനു ഇന്നത്തെ ലോകത്തിൻറെ പശ്ചാത്തലവും സഭയുടെതന്നെ പശ്ചാത്തലവും ചുരുക്കത്തിൽ വിവരണ വിഷയമാകുന്നു. ഒരുവശത്ത് കോവിഡ് 19 എന്ന മഹാമാരി നാം എല്ലാവരും ഒരു ആഗോള സമൂഹമാണെന്നുള്ള ബോധത്തിലേക്ക് നമ്മെ ഉയർത്തി. അതേസമയം, ഇക്കാലത്തും അനീതിയും അസമത്വവും ഛിന്നഭിന്നമാക്കപ്പെടലും വർദ്ധിച്ചിട്ടുണ്ട്. സഭയിൽത്തന്നെയും ഉള്ള വിശ്വാസരാഹിത്യത്തിൻറെയും, അഴിമതിയുടെയും വൈദിക മേൽക്കോയ്മയുടെയും അതുവഴിയായി ഉണ്ടായ ലൈംഗിക ചൂഷണത്തിന്റെയും ഒക്കെ പുഴുക്കുത്തുകൾ മറച്ചു വയ്ക്കാനാവില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ആത്മാവ് നമ്മിൽ അനുതാപത്തിന്റെയും, മാനസാന്തരത്തിന്റെയും പുത്തൻ ഉണർവിന്റെയും വിത്തുകൾ നമ്മിൽ വിതയ്ക്കുന്നുണ്ട്. ഈ പരിവർത്തന പ്രക്രിയയിൽ നിന്നു ആരെയും ഒഴിച്ചുനിറുത്താനാവില്ല; എല്ലാവരുടെയും സജീവ പങ്കാളിത്തം അതിനു ആവശ്യമാണ്. അത്മായർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും യുവജനങ്ങൾക്കും, സഭയുടെ ദൗത്യത്തിൽ കൂടുതൽ പങ്കാളിത്തം ലഭിക്കാനുള്ള മുറവിളിയും ഇന്നു കേൾക്കുന്നുണ്ട്. അതിൽ ചിലതൊക്കെ സാധ്യമായിട്ടും ഉണ്ട്. ഈ അടുത്ത കാലത്ത് അല്മായ അധ്യാപകരുടെ ശുശ്രൂഷയുടെ സ്ഥാപനവും (Lay Catechsits), സ്ത്രീകൾക്ക് വായനാ ശുശ്രൂഷകരും (Lecotrs) അൾത്താരശുശ്രൂഷകരും (Acolytes) ആകാനുമുള്ള സാധ്യതകൾ തുറന്നുകൊടുത്തതും ഈ വിധത്തിലുള്ള കാൽവയ്പ്പുകളാണ്. മാത്രമല്ല, 2020 ആഗസ്റ്റിൽ വത്തിക്കാന്റെ സാമ്പത്തിക കാര്യങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിൽ മാർപ്പാപ്പാ ആറ് സ്ത്രീകളെ നിയോഗിച്ചതും, മെത്രാന്മാരുടെ സിനഡിന്റെ വോട്ടവകാശമുള്ള അണ്ടർ സെക്രട്ടറിയായി സിസ്റ്റർ നത്താലി ബെക്കാർട്ടിനെ നിയമിച്ചതും ഒക്കെ ഈ ദിശയിലുള്ള നീക്കങ്ങളാണ്.

**ദൈവശാസ്ത്ര അടിസ്ഥാനം**

ഘടനാപരമായിത്തന്നെ സഭ സിനഡാത്മകമാണെന്ന് ഒരുക്കരേഖ നിരീക്ഷിക്കുന്നു. ആദ്യനൂറ്റാണ്ടുകളിൽ സഭാഗാത്രത്തിൽ വിഭജനങ്ങൾ ഉണ്ടായപ്പോൾ സഭാ പിതാക്കന്മാർ ഉയർത്തിക്കാട്ടിയത് ലോകം മുഴുവൻ ചിതറിക്കിടക്കുന്ന സഭകളുടെ കൂട്ടായ്മ ആണ്. വിശുദ്ധ അഗസ്റ്റിൻ അതിനെ ജ്ഞാന

www.malankaralibrary.com

സ്നാനം സ്വീകരിച്ചവരുടെ വിശ്വാസത്തിലെ പൊരുത്തം എന്നാണ് വിശേഷിപ്പിക്കുന്നത്. ആകയാൽ 'സഭയെന്നതും സിനഡെന്നതും പര്യായങ്ങളാണെന്നു' പറയാൻ വിശുദ്ധ ജോൺ ക്രിസോസ്റ്റോമിനു സാധിച്ചു. അക്കാരണത്താലാണ് വിശ്വാസസത്യങ്ങളുടെ പ്രഖ്യാപനം നടത്തേണ്ടിവന്നപ്പോൾ സഭ മുഴുവന്റെയും വിശ്വാസം അറിയാനായി മാർപ്പാപ്പാമാർ മെത്രാന്മാരുടെ അഭിപ്രായം തേടുകയുണ്ടായത്. അതുവഴി മാർപ്പാപ്പാമാർ ദൈവജനം മുഴുവന്റെയും വിശ്വാസബോധത്തെ (Senuss Fidei) ആധാരമായി സ്വീകരിക്കുകയായിരുന്നു; കാരണം 'വിശ്വസിക്കേണ്ട കാര്യത്തിൽ അവർക്ക് അപ്രമാദിത്വം ഉണ്ട്' (EG. J 119). Senuss fidei (വിശ്വാസബോധം) എന്നുപറഞ്ഞാൽ, വിശ്വാസികളുടെ, ജ്ഞാനസ്നാനം സ്വീകരിച്ചിട്ടുള്ളവരുടെ, 'ആന്തരീകശബ്ദം' അഥവാ 'പൊതുമനസ്സാക്ഷി' എന്നതാണ്. ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉള്ളതിനാൽ ദൈവജനത്തിന് ഒന്നടങ്കം തെറ്റുപറ്റുവാൻ സാധിക്കുകയില്ല എന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ തന്നെ പഠിപ്പിച്ചു (LG, J.12 കാണുക). അതിനാൽ സഭ മുഴുവന്റെയും വിശ്വാസത്തിന്റെ ആധികാരികതയുള്ള കാവൽക്കാരും വ്യാഖ്യാതാക്കളും ആയി ദൈവം നിയോഗിച്ച ഇടയന്മാർ തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള അജഗണത്തെ ശ്രവിക്കുന്നതിൽ ഭയപ്പെടരുത് എന്നു ഒരുക്കരേഖ നിർദ്ദേശിക്കുന്നു (PD J.14). അതേസമയം, ദൈവജനവുമായി കൂടി ആലോചിക്കുക എന്നുപറഞ്ഞാൽ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യ സംവിധാനം സഭയ്ക്കുള്ളിൽ അവലംബിക്കുക എന്ന അർത്ഥമില്ല. യഥാർത്ഥത്തിൽ 'സിനഡാത്മകത' എന്നുപറഞ്ഞാൽ നിരന്തരം മുന്നോട്ടു ഗമിക്കുന്ന ഒരുതരം സഹകരണത്തിന്റെ രൂപമാണ്; അതാണ് കൂട്ടായ്മയുടെ ഭാവം. ഒരു ജനാധിപത്യസംവിധാനത്തിൽ തീരുമാനങ്ങൾ എടുക്കുന്നത് ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ്. ഭൂരിപക്ഷത്തനു തെറ്റിപോകാനും ഇടയുണ്ട്; അപ്രകാരം ഉണ്ടായതായി ചരിത്രം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. **സിനഡാത്മക സമീപനത്തിൽ എല്ലാവരെയും കേൾക്കാൻ ശ്രമിക്കുമ്പോൾ ഒരാളുടെ ശബ്ദമാകാം സത്യത്തോട് കൂടുതൽ ചേർന്നു നില്ക്കുന്നത്; ഈ ആൾ നേതാവ് തന്നെ ആയിരിക്കണം എന്നുമില്ല; അത് ഒരു സാധാരണ അംഗംപോലും ആകാം. ആ ആളുടെ ശബ്ദത്തിനു ഭൂരിപക്ഷത്തിന്റെയും നേതാവിന്റെയും ശബ്ദത്തെക്കാൾ കൂടുതൽ യുക്തി ഉണ്ടാകാൻ സാധ്യതയുണ്ട്. ഇവിടെയാണ് നാം തിരിച്ചറിവിനെകുറിച്ച് (discernment) പറയുന്നത്.** ശരിയായ തിരിച്ചറിവ് നടക്കുന്നത് അംഗങ്ങൾക്കു സ്വാർഥലക്ഷ്യങ്ങളും താത്പര്യങ്ങളും ഇല്ലാതെ സമൂഹത്തിൽ/സഭയുടെ പൊതുനന്മ എന്ന ലക്ഷ്യം മുന്നിൽ നില്ക്കുമ്പോഴാണ്. ഇത് നടപ്പാക്കുമ്പോൾ സഭ നിരന്തരം മാനസാന്തരത്തിന്റെ പാതയിൽ സഞ്ചരിക്കുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് പുതിയ നിയമത്തിൽ യേശുതന്നെ തന്റെ പൊതുപ്രവർത്തനത്തിൽ അവലംബിച്ച എല്ലാവരെയും ശ്രവിക്കുക എന്ന തത്ത്വത്തിനും തുടർന്നു അപ്പസ്തോലന്മാർ പിന്തുടർന്ന നിരന്തരമായ മാനസാന്തരത്തിന്റെ മാർഗത്തിനും പ്രസക്തി കൈവരുന്നത്. യേശുവിന്റെ ദൈവരാജ്യപ്രഘോഷണമെന്ന പൊതു പ്രവർത്തനപരിപാടിയിൽ മുഖ്യമായും മൂന്നു കഥാപാത്രങ്ങളാണ് ഉള്ളത്: യേശു, ജനക്കൂട്ടം, അപ്പസ്തോലന്മാർ. ഈ മൂന്നു അഭിനേതാക്കൾ തമ്മിലുള്ള സംവാദം സുവിശേഷങ്ങളിൽ ഉടനീളം ശ്രദ്ധേയമാണ്. എല്ലാവരെയും ശ്രവിക്കുവാൻ യേശു തയ്യാറാകുന്നു. കാനാൻകാരി സ്ത്രീയുടെ എതിർ ന്യായങ്ങൾ കേൾക്കാനും (മത്താ 15:1228), സമറിയാക്കാരി സ്ത്രീയുമായി സംവദിക്കാനും (യോഹ 4:142), ഔദ്യോഗിക മതം പുറത്തു നിറു

www.malankaralibrary.com

ത്തിയിരുന്ന ജന്മനാ അന്ധനായവനെ വിശ്വാസത്തിലേക്കു ക്ഷണിക്കാനും (യോഹ 9) യേശു തയ്യാറാകുന്നു. അതായത്, വ്യത്യസ്ഥ ഗണത്തിലും വ്യത്യസ്ഥ പശ്ചാത്തലത്തിലും ഉള്ളവരോട് സംസാരിക്കാനും അവരെ ശ്രവിക്കാനും യേശു തയ്യാറാകുന്നു. അതിനാൽ സിനഡാത്മക കൂടിആലോചനകളിൽ ദരിദ്രനും, ബഹിഷ്കൃതരുമായവരുമായുള്ളവരെയും ശ്രവിക്കാൻ ശ്രദ്ധിക്കണമെന്നും ഒരുക്കരേഖ ആവർത്തിച്ചു നിഷ്കർഷിക്കുന്നു (J.29.30.31).

സഭ നിരന്തരമായി മാനസാന്തരത്തിന്റെ പാത അവലംബിക്കേണ്ടതാണെന്നു ചൂണ്ടിക്കാണിക്കാൻ ഒരുക്കരേഖ അപ്പസ്തോലപ്രവർത്തനത്തിലെ 10 ാം അദ്ധ്യായത്തിന്റെ ഒരു വ്യാഖ്യാനം നടത്തുന്നു. അത് വിജാതീയനായ കൊർണേലിയൂസിന്റെയും അതോടൊപ്പം പത്രോസിന്റെ തന്നെയും മാനസാന്തരത്തിനു വഴിതെളിക്കുന്നതായി ചിത്രീകരിക്കുന്നു. ഒരുവശത്ത് കൊർണേലിയൂസ് മാനസാന്തരപ്പെട്ട് സഭയുടെ അംഗമായിത്തീരുന്നു. മറുവശത്ത് കൊർണേലിയൂസിനെ സഭയിലേക്കു സ്വീകരിക്കാൻ പത്രോസിനുതന്നെ ഒരു മാനസാന്തരം ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവാത്മാവിന്റെ പ്രവർത്തനമാണ് രണ്ടുകാര്യങ്ങൾക്കും വഴിതെളിച്ചത്. മാനസാന്തരത്തിന്റെ ദ്വിതല ചലനാത്മകതയാണ് ഇവിടെ പ്രകാശിതമാകുന്നത്. **പത്രോസ് തന്നെ മാനസാന്തരപ്പെട്ടെങ്കിലേ പുറത്തുള്ളവരെ അകത്തേക്ക് മാനസാന്തരപ്പെടുത്തികൊണ്ടുവരാൻ സാധിക്കുകയുള്ളൂ.** അവിടെയാണ് പ്രേഷിതദൗത്യം നടപ്പാകുന്നത്.



### പ്രേഷിതദൗത്യത്തിനുള്ള കൂട്ടുത്തരവാദിത്വം

പ്രേഷിതദൗത്യം എന്നതു അഭിക്ഷിക്തരായി സഭാ ശുശ്രൂഷയിൽ ആയിരിക്കുന്നവരുടേതുമാത്രമല്ല എന്നു കൗൺസിൽതന്നെ പഠിപ്പിക്കുന്നുണ്ട്: 'സഭയ്ക്ക് ലോകത്തിലുള്ള രക്ഷാദൗത്യം മുഴുവൻ സ്വന്തം തോളിൽ വഹിക്കാനല്ല ക്രിസ്തു തങ്ങളെ അഭിഷേകം ചെയ്തിരിക്കുന്നത് എന്ന പരമാർത്ഥതയും മെത്രാന്മാർക്ക് അജ്ഞാതമല്ല' (LG, 30). ഇതു മനസ്സിലാക്കിയിട്ടാണ് ഒരുക്കരേഖയുടെ 30 ാം ഖണ്ഡികയിൽ അവതരിപ്പിക്കപ്പെടുന്ന പത്ത് പ്രമേയപരമായ മൂലബിന്ദുക്കളിൽ 5 ാമത്തേത്, 'സഭയിലെ എല്ലാ അംഗങ്ങളും പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭയുടെ പ്രേഷിത ദൗത്യത്തിന് ഉപകരിക്കുന്നതാണ് സിനഡാത്മകത' എന്നുപറയുന്നത്. ഇവിടെ തുടർന്നു ഇപ്രകാരം ചോദിക്കുന്നു: 'നമ്മൾ എല്ലാവരും പ്രേഷിത ഭാവമുള്ള ശിഷ്യരായിരിക്കയാൽ (missionary disciplse) എങ്ങനെയാണ് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിൽ മുഖ്യകഥാപാത്രമായിരിക്കുന്നത്? പൊതുസമൂഹത്തിൽ ശുശ്രൂഷയിലായിരിക്കുന്നവരെ ക്രൈസ്തവ സമൂഹം എങ്ങനെയാണ് പിന്താങ്ങുന്നത്? (വിവിധ രീതികളിൽ സമൂഹത്തിന്റെ ശുശ്രൂഷയിൽ ആയിരിക്കുന്നവരെ: സാമൂഹ്യരാഷ്ട്രീയ രംഗത്ത്, ശാസ്ത്രീയ ഗവേഷണ അധ്യാപന രംഗത്ത്, സാമൂഹ്യ നീതി ഉറപ്പാക്കുന്ന വേദിയിൽ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നിടത്ത്, നമ്മുടെ പൊതുഭവനത്തെകുറിച്ചുള്ള കരുതലിന്റെ ഇടങ്ങളിൽ).

### സിനഡാത്മക പ്രവൃത്തിപദത്തിൽ

ഈ സിനഡിന്റെ പ്രാദേശിക തലത്തിലുള്ള സഞ്ചാരപദത്തിൽ ദൈവജനവുമായി കൂടിയാലോചന നടത്താനുള്ള മാർഗങ്ങൾ നിർദ്ദേശിക്കുമ്പോൾ ഒരുക്കരേഖയിൽ ധാരാളം ചോദ്യങ്ങൾ ഉൾചേർത്തിരിക്കുന്നു. പ്രസ്തുത ചോദ്യങ്ങൾ പല സത്യങ്ങളും കണ്ടെത്തുവാനുള്ള മാർഗങ്ങളായി മാറുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ പ്രമേയപരമായ പത്ത് മൂലബിന്ദുക്കൾ ഇക്കാര്യത്തിനു സഹായകമായി അവതരിപ്പിച്ചിരിക്കുന്നു. സഞ്ചാരത്തിലെ സഹകാരികളെ നിർണയിക്കുന്നത്, ശ്രവണം, തുറന്നു പറച്ചിൽ, ആരാധനാക്രമത്തിലൂടെയുള്ള ആചരണം, സഭയിലും സമൂഹത്തിലും നടക്കേണ്ട സംവാദം, ഇതരസഭാസമൂഹങ്ങളുമായുള്ള സംവാദം, അധികാരവും പങ്കാളിത്തവും, തിരിച്ചറിയലും തീരുമാനം എടുക്കലും. ഒരുമിച്ചുള്ള സഞ്ചാരത്തിൽ നമ്മെത്തന്നെ രൂപീകരിക്കുന്നത്, എന്നിവയാണവ.

ഇവയെല്ലാം വഴിയായി സഭയിൽ നടക്കേണ്ടത് എന്താണെന്നു ഒരുക്കരേഖ അവസാനമായി പറയുന്നു: 'ഈ ആലോചന പ്രക്രിയയുടെ ലക്ഷ്യം രേഖ

www.malankaralibrary.com

കൾ പുറപ്പെടുവിക്കുകയല്ല പ്രത്യുത, സ്വപ്നങ്ങൾ നട്ടുപിടിപ്പിക്കാനും, പ്രവചനങ്ങളും ദർശനങ്ങളും പുറത്തെടുക്കാനും പ്രത്യാശ തഴച്ചുവളരാൻ അനുവദിക്കാനും, വിശ്വാസമർപ്പിക്കുന്നത് പ്രചോദിപ്പിക്കാനും, മുറിവുകൾ വച്ചുകെട്ടാനും, ബന്ധങ്ങൾ ഒരുമിച്ച് തുന്നിചേർക്കാനും, പ്രതീക്ഷയുടെ ഒരു പുലരി ഉണർത്താനും, മറ്റൊരുവനിൽനിന്നും പരസ്പരവും പഠിക്കാനും, മനസ്സുകളെ ഉദ്ദീപ്തമാക്കുന്ന ഹൃദയങ്ങളെ ഊഷ്മളമാക്കുന്ന, നമ്മുടെ കരങ്ങൾക്കു ശക്തി പകരുന്ന, പ്രദീപ്തമായ ഒരു വിഭവസമ്പന്നത സൃഷ്ടിക്കാനുംവേണ്ടിയാണിത്' (PD J.32).

### സിനഡാത്മക പ്രക്രിയയുടെ കാലിക പ്രസക്തി

വളരെ സുന്ദരമായ ഒരു സ്വപ്നമാണ് ഈ സിനഡാത്മക പ്രക്രിയയിലൂടെ ഫ്രാൻസിസ് പാപ്പാ സഫലമാക്കാൻ ശ്രമിക്കുന്നത്. സിനഡാത്മകത എന്ന സിദ്ധാന്തത്തിലൂടെ പാപ്പാ സഭയുടെ സ്വഭാവത്തെ വിശുദ്ധ ലിഖിതത്തിന്റെയും വിശുദ്ധ പാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിൽ പുനർനിർണയിക്കാൻ ശ്രമിക്കുന്നു. ജനത്തിന്റെ വിശ്വാസബോധം പൂർണമായും കണക്കിലെടുക്കുന്നു എന്ന സവിശേഷത ഇതിനുണ്ട്. **കഴിഞ്ഞ 50 വർഷമായി മെത്രാന്മാരുടെ 15 സാധാരണ സിനഡുകൾ നടന്നിട്ടുണ്ടെങ്കിലും ഇതുപോലൊരു പ്രക്രിയ ഉണ്ടായിട്ടില്ല. ഒരുക്കരേഖകൾ (lineamenta) ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇത്രയും വ്യവസ്ഥാപിതവും വിശാലവുമായ രീതിയിൽ അതു നടന്നിട്ടില്ല.** ഇതിൽ ഒരു ജനാധിപത്യപരമായ രീതിയുണ്ട്, എന്നാൽ ഇത് മുകളിൽ പറഞ്ഞപോലെ സാധാരണയുള്ള ജനാധിപത്യപ്രക്രിയപോലെയല്ല. അതിനും അപ്പുറമാണിത്. വൈദിക, പുരുഷ മേധാവിത്വപരമായ സമീപനങ്ങളെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ഉണ്ടിവിടെ. സ്ത്രീകൾക്കും, തിരസ്കരിക്കപ്പെട്ടവർക്കും, ദരിദ്രർക്കും ഒക്കെ സഭയുടെ സിനഡാത്മക സഞ്ചാരത്തിൽ യുക്തമായ സ്ഥാനം കൊടുക്കാനുള്ള വ്യഗ്രത ഇവിടെ കാണാനാകും. സുതാര്യതയുടെയും കൂട്ടുത്തരവാദിത്വത്തിന്റെയും പാതയിലൂടെ സഞ്ചരിക്കാനാണ് ഇവിടത്തെ ക്ഷണം.

കാനോനികമായി ഇപ്പോൾ ത്തന്നെയുള്ള ഘടനാപരമായ സ്ഥാപനങ്ങൾക്ക് (രൂപതാ അജപാലനസമിതി, രൂപതാ സാമ്പത്തിക സമിതി, ഇടവക അജപാലനസമിതി എന്നിവ) വർദ്ധിതമായ സ്ഥാനവും ശക്തിയും പകരാൻ പോരുന്ന കാഴ്ചപ്പാടുകളാണ് ഈ പ്രക്രിയയിൽ ഉള്ളത്. മുറിവുണക്കലിന്റെ ഭാഗമായി സഭകളെ അലട്ടുന്ന ഗൗരവമേറിയ തെറ്റുകളെ അംഗീകരിക്കാനും അവയെ പശ്ചാതാപത്തിന്റെ വഴികളിലൂടെ പരിഹരിക്കാനുമുള്ള ക്ഷണം ഈ സിനഡാത്മക പ്രക്രിയയിൽ അന്തർലീനമാണ്. ഇവയെല്ലാം നാം ഇന്നു ജീവിക്കുന്ന സമൂഹത്തിൻറെ പശ്ചാത്തലത്തിലും സഭയുടെ തന്നെയും പശ്ചാത്തലത്തിലും സഭ നിരന്തരം പരിഷ്കരണത്തിന്റെ പാതിയലായിരിക്കുന്നു എന്ന സത്യത്തിന്റെ അടിസ്ഥാനത്തിലും അനിവാര്യമായവയാണ്. ഈ പ്രക്രിയ സഭയ്ക്ക് തീർച്ചയായും ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും അനുഗ്രഹീതമായിത്തീരും.



www.malankaralibrary.com

# മനുഷ്യവംശം
# ദൈവത്തിന്റെ കുടുംബം

**സി. ആൽഫി തെരേസ് FCC**
**സെൻറ്. ജോസഫ്കോൺവെന്റ്, ഒറ്റപ്പാലം**




2022 ആഗസ്റ്റ് 7 ാം തീയതി ആദ്യ ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ഞങ്ങൾ രണ്ടു സിസ്റ്റേഴ്സും, ഒറ്റപ്പാലം സെൻറ് ജോസഫ് സ്കൂളിലെ ഏതാനും കുട്ടികളും കൂടി ഒറ്റപ്പാലം സബ്ജയിൽ സന്ദർശിക്കുകയുണ്ടായി. കോവിഡുമൂലം കുറച്ചുകാലമായി മുടങ്ങിക്കിടന്നിരുന്ന ജയിൽ മിനിസ്ട്രി അന്ന് ഞങ്ങൾ പുനരാരംഭിക്കുകയായിരുന്നു. അന്നേദിനം ഞങ്ങൾ നന്നായി പ്രാർത്ഥിച്ചൊരുങ്ങി. ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിൽ തടവറമക്കളുടെ ഹൃദയങ്ങളിൽ സന്തോഷവും സമാധാനവും നൽകാൻ തക്കവിധം, തടവറമക്കളുടെ മധ്യസ്ഥനായ വി. മാക്സ്മില്യൻ മരിയ കോൾബെയുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു ചെറിയ കലാവിരുന്ന് അവതരിപ്പിച്ച് ആത്മസംതൃപ്തിയോടെ പോലീസ് ഉദ്യോഗസ്ഥരോട് നന്ദിപറഞ്ഞ് ഞങ്ങൾ പുറത്തേയ്ക്കിറങ്ങി. ജയിൽ ഗേറ്റ് അടയ്ക്കാനായി ഒരു പോലീസ് ഉദ്യോഗസ്ഥനും ഞങ്ങളോടൊപ്പം പുറത്തേയ്ക്കുവന്നു. ജയിൽ ഗേറ്റ് കടന്ന് ഞങ്ങൾ റോഡിലേയ്ക്ക് കയറിയപ്പോഴേക്കും, ഏകദേശം അറുപതു വയസു തോന്നിക്കുന്ന ഒരു അമ്മ, എതിരെ അലമുറയിട്ടു കരഞ്ഞു കൊണ്ട് ഓടിവരുന്നതു ഞങ്ങൾ കണ്ടു. അവർ ഇങ്ങനെ വിളിച്ചു പറഞ്ഞുകൊണ്ടേയിരുന്നു; 'സിസ്റ്റർമാരേ! പോലീസിനോടു ജയിലിന്റെ ഗേറ്റ് അടക്കരുതെന്ന് ഒന്നുപറയണേ, എന്റെ മകൻ ഈ ജയിലിനകത്തുണ്ടെന്ന് ഞാനിന്നാണ് അറിയുന്നത്, ഒന്നുകാണാൻ അനുവദിക്കാൻ പറയോ?'

തടവറയിൽ കഴിയുന്ന സ്വന്തം മകനുവേണ്ടിയുള്ള ഒരമ്മയുടെ രോദനം. പോലീസുകാരനോടു കാര്യങ്ങൾ പറഞ്ഞ്, അവർക്ക് തൻറെ മകനെ കാണാനുള്ള സൗകര്യം ഒരുക്കികൊടുത്ത് ഞങ്ങൾ കോൺവെന്റിലേയ്ക്ക് തിരിച്ചുപോയി. അന്നു വൈകിട്ട്, ജപമാലചൊല്ലി പ്രാർത്ഥിക്കുന്ന നേരത്ത് പരിശുദ്ധ അമ്മയിലൂടെ ഒരു ഉൾക്കാഴ്ച എനിക്കു ലഭിച്ചു. 'എന്റെ തിരുക്കുമാരൻ കാൽവരിയിൽ ഒഴുക്കിയ തിരുരക്തം വിലയായി നൽകി സ്വന്തമാക്കിയ ഒരു ആത്മാവുപോലും നശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്ത്യയിലെ 54 ജയിലുകളിൽ കഴിയുന്ന തടവറമക്കൾക്കുവേണ്ടി മാത്രമല്ല, ലോകത്തെങ്ങുമുള്ള എല്ലാ തടവറമക്കൾക്കുവേണ്ടിയും ഞാൻ കരയുന്നു. ക്രൂശിതനായ ഈശോയെ അന്വേഷിക്കാത്താവരെ നീ സന്ദർശിക്കുകയും, എന്നോടൊപ്പം അവർക്കായി പ്രാർത്ഥിക്കുകയും വേണം. ജപമാലയിലൂടെയാണ് നിനക്കെന്നെ സന്തോഷിപ്പിക്കാൻ സാധിക്കുക.'

അറിഞ്ഞും അറിയാതെയും പാപങ്ങൾ ചെയ്തുകൂട്ടിയവരും, തെറ്റിദ്ധരിപ്പിക്കപ്പെട്ടും, അബദ്ധസിദ്ധാന്തങ്ങളിൽപ്പെട്ടും പാപത്തിന്റെ ബന്ധനത്തിൽ കഴിയുന്നവരുമായ, സാത്താന്റെ ആധിപത്യത്തിൽ പെട്ടുപോയവർക്ക് വിമോചനം നൽകാൻ നമ്മുടെ ജപമാലമണികൾ സാത്താന്റെ തല തകർക്കുന്ന കൂടം പോലെ ആഴ്ന്നിറങ്ങട്ടെ. അങ്ങനെ ലോകംമുഴുവൻ ദൈവത്തിന്റെ ഒരു കുടുംബമാകാൻ നമ്മുടെ പ്രേഷിതവൃത്തിയിലൂടെ കഴിയട്ടെ. അതിനുവേണ്ടി കഴിയന്നത്ര ജപമാല ചൊല്ലി ഏകമനസ്സോടെ നമുക്കു പ്രാർത്ഥിക്കാം.

www.malankaralibrary.com



കവിത

# ഞാനറിഞ്ഞില്ലല്ലോ ദൈവമേ

ഗിരിദാസ് പെരുവെമ്പ്,
പാലക്കാട്

എല്ലാം നടത്തുന്ന ദൈവമേ
എന്നെ നടത്തുന്ന ദൈവമേ
എങ്ങും വസിക്കുന്ന ദൈവമേ
എന്നിൽ വസിക്കുന്ന ദൈവമേ

എല്ലാം സഹിക്കുന്ന ദൈവമേ
എന്നെ സഹിക്കുന്ന ദൈവമേ
എല്ലാം ക്ഷമിക്കുന്ന ദൈവമേ
എന്നെ ക്ഷമിക്കുന്ന ദൈവമേ

നിന്നെ ഞാനെങ്ങും തേടി
എങ്ങും ഞാൻ കണ്ടില്ലല്ലോ
നിന്നെ ഞാൻ എന്നിൽ തേടി
നിന്നെയെങ്ങും കണ്ടുവല്ലോ

ഞാൻ നിന്നിലാണെന്ന സത്യം
നീ എന്നിലുമാണെന്ന സത്യം
ഞാനറിഞ്ഞില്ലല്ലോ ദൈവമേ
എന്നിൽ വസിക്കുന്ന ദൈവമേ

നിന്നെ ഞാൻ തേടുന്നിതാ
നിന്നെ ഞാനറിയുന്നിതാ
നിന്നിലായ് മാറുന്നിതാ
നീ മാത്രമാകുന്നിതാ...

നിന്നെ നമിക്കുന്നു ഞാൻ
നിന്നെ സ്തുതിക്കുന്നു ഞാൻ
നിന്നെ പുകഴ്ത്തുന്നു ഞാൻ
നിന്നിലെല്ലാമർപ്പിക്കുന്നേൻ

www.malankaralibrary.com



# കാഴ്ചയിലെ മനോഹാരിത

സി. ജോഫി ജീസ് FCC
ഇരിങ്ങാലക്കുട



കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു. (ലൂക്കാ 4/18) ഏശയ്യാ പ്രവാചകന്റെ ഈ വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ആരംഭിച്ച ഈശോയുടെ ദൗത്യത്തിന്റെ രത്നചുരുക്കം സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത, 'രക്ഷ' ആയിരുന്നു. ആദിയിൽ ദൈവം ആകാശവും ഭൂമിയും അതിലെ സകലസൃഷ്ടിജാലങ്ങളും സൃഷ്ടിച്ചുവെന്ന് വിവരിക്കുന്ന ലേഖന കർത്താവ് എഴുതിചേർത്തു, 'എല്ലാം നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു'. ദൈവത്തിന്റെ കണ്ണുകൾ എപ്പോഴും എവിടെയും നന്മകാണാൻ കഴിയുന്നതായിരുന്നു. ദൈവശുശ്രൂഷയ്ക്കായ് ഇറങ്ങി തിരിക്കുമ്പോൾ ദൈവം കാണുന്നതുപോലെ കാണാൻ, ദൈവം മനസ്സിലാക്കുന്നതുപോലെ മനസ്സിലാക്കാൻ, ദൈവം അംഗീകരിക്കുന്നതുപോലെ അംഗീകരിക്കാൻ, അഭിഷേകവും അനുഗ്രഹവും സ്വന്തമാക്കേണ്ടിയിരിക്കുന്നു.

പഴയനിയമഗ്രന്ഥത്തിൽ ഏറെ ശ്രദ്ധയാകർഷിക്കുന്ന ഒരു കഥാപാത്രമാണ് തടവറക്കാരനായ നമ്മുടെ പൂർവ്വപിതാവായ ജോസഫ്. ജോസഫിന്റെ ജീവിതത്തെ ഓരോരുത്തരും നോക്കികണ്ടവിധം പരിശോധിക്കുമ്പോൾ വളരെ വിചിത്രമായി തോന്നും. യാക്കോബ് ജോസഫിനെ നോക്കിയപ്പോൾ, അവൻ കണ്ടത് നല്ലൊരു മകനെയാണ്. പത്ത് സഹോദരങ്ങൾ ജോസഫിനെ നോക്കിയപ്പോൾ, അവർ കണ്ടത് പ്രയോജനരഹിതനായ ഒരു സ്വപ്നക്കാരനെയാണ്. യാത്രക്കാർ ജോസഫിനെ നോക്കിയപ്പോൾ, അവർ കണ്ടത് ഒരു അടിമയെയാണ്. പൊത്തിഫർ ജോസഫിനെ നോക്കിയപ്പോൾ, അദ്ദേഹം കണ്ടത് നല്ലൊരു വേലക്കാരനെയാണ്. പൊത്തിഫറിന്റെ ഭാര്യ ജോസഫിനെ നോക്കിയപ്പോൾ, അവൾ കണ്ടത് യോഗ്യനായ ഒരു ബോയ് ഫ്രണ്ടിനെയാണ്. ജയിലധികാരികൾ ജോ

www.malankaralibrary.com

സഫിനെ നോക്കിയപ്പോൾ, അവർ കണ്ട ത് ഒരു കുറ്റവാളിയെയാണ്. ദൈവം ജോസഫിനെ നോക്കിയപ്പോൾ, അവിടുന്ന് കണ്ടത് ഈജിപ്തിനെ ഭരിക്കാനിരിക്കുന്ന പ്രധാനമന്ത്രിയെയാണ്. മനുഷ്യർ നമ്മെ നോക്കി എന്ത് വിധിപ്രസ്താവിച്ചുവെന്നതിൽ ആത്യന്തികമായി ഒന്നുമില്ല, അതുകൊണ്ടുതന്നെ നിരാശപ്പെടേണ്ടതുമില്ല. മറിച്ച്, ദൈവം എന്നെ നോക്കി എന്ത് വിധി പ്രസ്താവിക്കും എന്ന താണ് പ്രധാനം. ഒപ്പം ഞാൻ മറ്റുള്ളവരെ നോക്കുമ്പോൾ, അവരിൽ ദൈവത്തെ കാണാൻ, ദൈവം കാണുന്നതുപോലെ ദൈവത്തിന്റെ കണ്ണുകളിലൂടെ അവരെ കണാൻ, ശ്രവിക്കാൻ, അംഗീകരിക്കാൻ സ്നേഹിക്കാൻ കഴിഞ്ഞാൽ ദൈവതിരുമുമ്പിൽ നാം വിലയുള്ളവരാകും.

ദൈവം ആരുടേയും പ്രായം പരിഗണിക്കുന്നില്ല. അതാണ് അബ്രാഹത്തിന് കിട്ടിയ അനുഗ്രഹം. ദൈവം അനുഭവസമ്പത്ത് പരിഗണിക്കുന്നില്ല. അതാണ് ദാവീദിൽ നടന്ന അത്ഭുതം. ദൈവം സ്ത്രീയെന്നോ, പുരുഷനെന്നോ പരിഗണിക്കുന്നില്ല. അതാണ് എസ്തേറിനെ എടുത്തുയർത്തിയത്. ദൈവം കഴിഞ്ഞ കാലങ്ങളും കാര്യങ്ങളും പരിഗണിക്കുന്നില്ല; അതാണ് പൗലോസിൽ നടന്നത്. ദൈവം ശാരിരീകശേഷിയോ കഴിവോ പരിഗണിക്കുന്നില്ല; അതാണ് സക്കേവൂസിൽ സംഭവിച്ചത്. ദൈവം വാക്ചാതുര്യം പരിഗണിക്കുന്നില്ല. അതാണ് മോശയിൽ നടന്ന അത്ഭുതം. ദൈവം ജോലി പരിഗണിക്കുന്നില്ല. അതാണ് മഗ്ദലേനാമറിയത്തിൽ നടന്നത്. എല്ലാം അറിയുന്ന ദൈവത്തിന് മാറ്റമില്ല. ദൈവം ആയിരിക്കുന്ന അവസ്ഥയിൽ ഓരോരുത്തരെയും അറിയുന്നു, സ്നേഹിക്കുന്നു, രക്ഷിക്കുന്നു. ദൈവം തനിക്ക് സാധിക്കാത്ത ഒരു വാഗ്ദാനവും നൽകിയിട്ടില്ല. ദൈവത്തിന് തനിക്ക് സഹായിക്കാനാകാത്ത ഒരു വ്യക്തിയെയും കണ്ടിട്ടില്ല. തനിക്ക് ഉത്തരം പറയാനാകാത്ത ഒരു ചോദ്യവും ദൈവം കേട്ടിട്ടില്ല. തനിക്ക് സ്നേഹിക്കാനാവാത്ത ഒരു ആത്മാവിനെയും ദൈവം കണ്ടിട്ടില്ല. തനിക്ക് ക്ഷമിക്കാനാവാത്ത ഒരു പാപിയെയും ദൈവത്തിന് ലഭിക്കുകയില്ല. ഒരോ ദിവസവും ഒരോ നിമിഷവും ദൈവത്തിൻറെ കരുണ നമ്മെ തഴുകി തലോടുന്നു.

ഈ കരുണാസ്പർശം അനുനിമിഷവും ഏറ്റുവാങ്ങുന്ന നമുക്കും കരുണയുടെ വക്താക്കളാകാം. തടവറയിൽ വിമോചനം ആഗ്രഹിച്ച് കഴിയുന്ന മക്കളെ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളോടെ നമുക്ക് നോക്കാം. അവരിൽ അനുതാപത്തിന്റെ കൃപ നിറയാൻ ആഗ്രഹിക്കാം. അറിഞ്ഞും അറിയാതെയും ചെയ്തതെറ്റിന് ശിക്ഷയനുഭവിക്കുന്നവരെയും, ഒരു തെറ്റും ചെയ്യാതെ മറ്റുള്ളവർ മെനഞ്ഞെടുത്ത കുതന്ത്രങ്ങൾക്ക് ഇരയായി തടവറയിൽ നൊമ്പരപ്പെട്ട് കഴിയേണ്ടിവരുന്നവരേയും നാം കണ്ടുമുട്ടുന്നു. ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടാൻ ഇടയാവരുതെന്ന് നമുക്ക് ആഗ്രഹിച്ച് പ്രാർത്ഥിക്കാം. അതിനായി നമ്മളാലാകുന്നതെല്ലാം ചെയ്ത് അവരെ തടവറയിൽ നിന്ന് വിമുക്തരാക്കാൻ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും സന്തോഷത്തിലേക്കും നയിക്കാൻ നമുക്ക് പരിശ്രമിക്കാം.

ലൂക്കാ 2/10,11 ൽ പറയുന്നു, ഭയപ്പെടേണ്ട സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവിദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു. യേശുവിന്റെ തിരുപ്പിറവി സകല ജനത്തിനുമായുള്ള സന്തോഷത്തിൻറെ സദ്വാർത്തയാണ്. അവനെ തേടിയവരും അവനെ കണ്ടെത്തിയവരും രക്ഷ കൈവരിച്ചിരിക്കുന്നു, രക്ഷകനെ സ്വന്തമാക്കിയിരിക്കുന്നു. ക്രിസ്തുവിൻറെ ജനനവേളയിൽ മാലാഖമാർ പാടി അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം. ക്രിസ്തു തന്റെ ജീവിതത്തിൽ കണ്ടുമുട്ടിയവർക്കെല്ലാം സമാധാനം ആശംസിച്ചു, ക്രിസ്തുശിഷ്യരെ സമാധാന ദൂതരായ് പറഞ്ഞയച്ചു. രണ്ടാം ക്രിസ്തുവെന്നറിയപ്പെടുന്ന വി.ഫ്രാൻസീസ് അസ്സീസി കർത്താവേ എന്നെ സമാധാന ദൂതനാക്കണമെയെന്ന് പ്രാർത്ഥിച്ചു. അതെ, ക്രിസ്തുശിഷ്യത്വത്തിൽ പങ്കുചേർന്ന് ക്രിസ്തുസംവാഹകരാകാൻ വിളിക്കപ്പെട്ടിരിക്കുന്ന നാം ഉള്ളിൽ അനുഭവിക്കേണ്ടതും പകർന്നുകൊടുക്കേണ്ടതും ഈ സമാധാനമാണ്. ക്രിസ്തുവിന്റെ തിരുപിറവി ആഘോഷിക്കാൻ ഒരുങ്ങുന്ന നമ്മിലും നാമുമായി ബന്ധപ്പെട്ടവരിലും ക്രിസ്തു ആശംസിക്കുന്ന ശാന്തിയും സമാധാനവും സന്തോഷവും നിറയാൻ ഇടവരട്ടെ. അങ്ങനെ 2023നെ പുത്തൻ അഭിഷേകത്തോടെ, പുതിയ കൃപകളോടെ വരവേൽക്കാനാകട്ടെ.

www.malankaralibrary.com

കവിത

# ജനനി

സി. ടെസി മരിയ FCC



സ്നേഹ സായൂജ്യസാഗരത്തിൽ
സ്നേഹം തനിച്ചാക്കാനാവതേയില്ല
ക്രിസ്തുവിജ്ഞാനീയ മഹാമഹിമയിൽ
വേറിടാത്ത പ്രതിഭാസമാം മറിയം

ഹൃദയവിശാലതയുടെ മുഖമാണവൾക്ക്
അലിയുന്ന ഹൃത്തിൻ തുടിപ്പാണവൾ
ശാലീന സുന്ദരീതാരത്തെ വെല്ലും
അഴകിന്റെ ആൾരൂപമാണവളെന്നും

ക്രിസ്തുവും ക്രിസ്തുമസും മറിയവും
സ്വർഗ്ഗത്തിന്റെ പ്രതിച്ഛായ തന്നെ
മറിയത്തിൻ മനസോ
ദൈവിക രഹസ്യങ്ങൾതൻ കലവറ

ഇതാ കർത്താവിൻ ദാസി -
യെന്നുമൊഴിഞ്ഞ മാത്രേ ദൈവം മനുഷ്യനായ്
ദൈവീക ഭാവത്തിൽ മാനുഷ്യഭാവവും
കലരുന്നമറ്റൊന്നുമില്ലീ ജഗത്തിലും

കരുണയും ക്ഷമയും ശാന്തതയും
വിശ്വാസം പ്രത്യാശാ ഉപവിയും
വിനയത്തിൻ വിരിപ്പും ആത്മ-
സംയമനശുദ്ധിയും
മൂർത്തമായ് മറിയം അതിധന്യയായ്

നിന്നുടെ ഉദരവും പയോധരങ്ങളും
അനുഗ്രഹീതവും അവർണ്ണനീയവും
സുവിശേഷമായവൻ കുടികൊണ്ടകൂടാരം
ഭൂവിലിറങ്ങിയ സ്വർഗ്ഗമതല്ലേ !

ജാതീമത വർഗ്ഗ വർണ്ണ കുലങ്ങളും
കുടക്കീഴിലെന്നപോൽ ചേർന്നു നിൽപ്പൂ
സകലർക്കും അമ്മയായ് സ്നേഹം വിളമ്പുന്ന
മാതൃത്വ ദൈവീകഭാവമാണവളെന്നും

ചോദിക്കേണ്ട പറയേണ്ട അവസരം പാർക്കേണ്ട
കല്യാണ വീട്ടിലെ നോവറിഞ്ഞീടുവാൻ
ഉള്ളുകളാകാശ വിസ്മയമായ്ക്ഷണേ
ആനന്ദമണപൊട്ടി സാമീപ്യലഹരിയിൽ

ചരിത്രാതീത ചരിത്രത്തിൽ
മാതൃത്വത്തിൻ പൂർണ്ണരൂപമായ്
നിറഞ്ഞുനിൽക്കുന്നൊരമ്മ
എന്റെ കർത്താവിന്റെയമ്മ

മനുഷ്യത്വത്തിൻ മാറ്ററുരയ്ക്കാൻ
മറിയത്തെയാർക്കും വെന്നിടാ, ഭൂമിയിൽ
മരണത്തിനും കീഴ്പെടുത്താനാകാത്ത
മലർവാടികയാണ് പരിശുദ്ധയാം അമ്മ



www.malankaralibrary.com



# സ്നേഹം എന്നാലെന്താണാവോ?

**സി. ജിസ്മി കൂട്ടിയാനിക്കൽ SMC**

ഒന്നിലധികം മനുഷ്യർ ഭൂമിയിൽ ഉണ്ടായപ്പോൾ മുതൽ രൂപംകൊണ്ടതാണ് സ്നേഹം എന്ന വാക്ക്. വിശുദ്ധ ബൈബിളിനെ അടിസ്ഥാനമാക്കി പറഞ്ഞാൽ മനുഷ്യ സൃഷ്ടിക്കും മുമ്പ് ദൈവത്തിൽ സ്നേഹം നിലനിന്നിരുന്നു. സ്നേഹമില്ലാത്ത കഥകളില്ല. സ്നേഹത്തെക്കുറിച്ച് പാടാത്ത കവികളില്ല. ദൈവപുത്രനായ ഈശോ മനുഷ്യ കുലത്തോടൊന്നാകെ അഹ്വാനം ചെയ്തിരിക്കുന്നതും നിങ്ങൾ പരസ്പരം സ്നേഹിക്കുക എന്നാണ്. അപരനുവേണ്ടി ജീവൻ ബലി കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന് അവിടുന്ന് പറയുന്നു. അതുപോലെതന്നെ സ്നേഹമില്ലായ്മയിൽ നിന്നുമാണ് എല്ലാ പ്രശ്നങ്ങളും ഉത്ഭവിക്കുന്നത്. ഭാര്യക്ക് ഭർത്താവിനോട് സ്നേഹം ഇല്ലെന്നും ഭർത്താവിന് ഭാര്യയോട് സ്നേഹം ഇല്ലെന്നും കുറ്റപ്പെടുത്തുന്നു. മാതാപിതാക്കൾക്ക് മക്കളോട് സ്നേഹമില്ല. മാതാപിതാക്കളോട് മക്കൾക്കും സ്നേഹമില്ല. സ്നേഹം ഉണ്ടെങ്കിൽ ജീവൻ പറിച്ചു നൽകാൻ മടിക്കാത്തവരും, സ്നേഹമില്ലെങ്കിൽ ജീവൻ പറിച്ചെടുക്കാൻ ശ്രമിക്കുന്നവരും നമ്മളൊക്കെ തന്നെയാണ്. മനുഷ്യർക്കിടയിൽ ഒളിഞ്ഞും തെളിഞ്ഞും നിന്ന് മനുഷ്യരെ തമ്മിൽ അകറ്റാനും കൂട്ടിച്ചേർക്കാനും ശ്രമിക്കുന്ന ഈ സ്നേഹം എന്താണ് ?

സ്നേഹത്തെക്കുറിച്ച് ഒരുപാട് നിർവ്വചനങ്ങൾ ഒക്കെ പറയപ്പെട്ടിട്ടുണ്ടെങ്കിലും, ഏതെങ്കിലും ഒരു നിർവചനത്തിൽ ഒതുങ്ങുന്നതാണോ ഈ സ്നേഹം. കുരിശിന്റെ വഴിയിൽ ആബേലച്ചൻ പറയുന്നു സ്നേഹം പ്രതിബന്ധം അറിയുന്നില്ല എന്ന്. ഇങ്ങോട്ട് വാങ്ങുന്നതല്ല സ്നേഹം എന്നും അങ്ങോട്ടു നൽകുന്നതാണ് സ്നേഹം എന്നും മറ്റൊരു പ്രയോഗമുണ്ട്. അമ്മയ്ക്ക് കുഞ്ഞിനോട് തോന്നുന്ന വികാരത്തെയാണ് സ്നേഹം എന്ന് വിളിക്കുന്നത് എന്ന് മറ്റൊരു പക്ഷമുണ്ട്. പ്രണയിനികൾ ആണ് യഥാർത്ഥത്തിൽ സ്നേഹം പങ്കുവെക്കുന്നത് എന്ന് വേറൊരു കൂട്ടർ വാദിക്കുന്നു. അപ്പോഴും സ്നേഹം എന്നാൽ എന്ത് എന്ന ചോദ്യത്തിന് മാത്രം ആരും ഉത്തരം പറയുന്നില്ല. സ്നേഹം ഇങ്ങനെ കൃത്യതയും വ്യക്തതയും ഇല്ലാതെ പടർന്നു പന്തലിച്ചു കിടക്കുന്നതുകൊണ്ടുതന്നെ സ്നേഹത്തിന്റെ കള്ളനാണയങ്ങൾ സമൂഹത്തിൽ ധാരാളം ക്രയവിക്രയം ചെയ്യപ്പെടുന്നു. ലൗ ജിഹാദായും പ്രണയത്തിനൊടുവിൽ 'തേപ്പ്' എന്ന പുതുവാക്കായും വൃദ്ധസദനങ്ങളിലെ കണ്ണീർമഴയായുമൊക്കെ

പരിണമിക്കുന്ന സ്നേഹത്തെ ഒന്ന് അപഗ്രഥിക്കുകയാണ് ഈ എഴുത്തിന്റെ ഉദ്ദേശം.

**എന്താണ് സ്നേഹം**

എന്റെ കണ്ടെത്തലിൽ സ്നേഹം എന്നത് ഒന്നിൽമാത്രം ഒതുങ്ങുന്നതല്ല. പലതും കൂടിച്ചേർന്ന് ഒന്നായി മാറിയ ഒന്നാണത്. ആ പലതിൽ ഏതെങ്കിലും ഒന്ന് നഷ്ടമായാൽ സ്നേഹം എന്ന ഇമ്മിണി വലിയ ആ ഒന്നുതന്നെ ഇല്ലാതാകും. എന്തൊക്കെ കൂടിചേരുന്നതാണ് സ്നേഹം? ഇഷ്ടം, വിശ്വാസം, സത്യം, ന്യായം, നീതി, ദയ, ക്ഷമ, ബഹുമാനം, പരിഗണന, കരുണ, ആത്മാർത്ഥത എന്നു തുടങ്ങി പോസിറ്റീവ് ഗുണങ്ങളായി ഇനി എന്തെങ്കിലും ഉണ്ടെങ്കിൽ അതും കൂടിച്ചേർന്ന് ഉണ്ടാകുന്ന ഒരു സമ്മിശ്ര വികാരമാണ് സ്നേഹം. ബന്ധങ്ങൾക്കിടയിൽ ഇവയിൽ ഏതെങ്കിലും ഒന്നു നഷ്ടമായാൽ സ്നേഹം തകർന്നടിയും. ദൈവത്താൽ കൂട്ടിച്ചേർക്കപ്പെട്ട വിവാഹബന്ധത്തെ ഇന്ന് മനുഷ്യർ വേർപെടുത്തുന്നതിൻറെ പിന്നിലും മേൽവിവരിച്ച ഘടകങ്ങളിലെ വിള്ളലുകളാണ്. മുകളിൽ വിവരിച്ചിരിക്കുന്ന സദ്ഗുണങ്ങളിൽ ഒന്നോ ഒന്നിലധികം എണ്ണത്തിൻറെ വിപരീത ഗുണങ്ങൾ (ദുർഗുണങ്ങൾ) സ്നേഹ ബന്ധത്തിൽ കഴിയുന്ന ആരുടെയെങ്കിലും മനസ്സിൽ കടന്നു കൂടിയാലും സ്നേഹമെന്ന മഹാവൃക്ഷം കടപുഴകി വീഴും.

**കപട സ്നേഹം**

ഇന്ന് കമ്പോളത്തിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്നത് കപട സ്നേഹം തന്നെയാണ്. യഥാർത്ഥ സ്നേഹത്തേക്കാൾ തിളക്കവും മാധുര്യവും ആകർഷണീയതയും കൊണ്ട് മനസ്സിനെ വേഗതയിൽ കീഴടക്കുവാൻ കഴിയും എന്നതാണ് ഇതിൻറെ പ്രത്യേകത. ഈ സ്നേഹം വളരെ വാചാലവും വശ്യവും ആണ്. എന്നാൽ കരപോലെ വളരെ വേഗത്തിൽ ചൂടുപിടിക്കുകയും അതുപോലെതന്നെ തണുക്കുകയും ചെയ്യും എന്ന പ്രത്യേകതകൂടി ഇതിനുണ്ട്. ചതി, സ്വാർത്ഥത, മുതലായ ദുർഗുണങ്ങളുടെ ചായക്കൂട്ടിലാണ് കപടസ്നേഹം നിർമ്മിക്കപ്പെടുന്നത്. വിവരവും വിവേകവും ഇല്ലാത്തവരുടെ ഇടയിലാണ് കൂടുതലായും ഇത് വിറ്റഴിക്കപ്പെടുന്നത്. പ്രായപൂർത്തിയാകാത്ത കുട്ടികൾക്കിടയിലും, ഉത്തരവാദിത്തങ്ങളെ ലാഘവബുദ്ധിയോടെ കാണുന്ന വീട്ടമ്മമാർക്കിടയിലും, ആരും എന്നെ സ്നേഹിക്കുന്നില്ല എന്ന പരാതിയുമായി അലഞ്ഞു നടക്കുന്നവർക്കിടയിലും, ആരെയും കണ്ണുമടച്ച് വിശ്വസിക്കുന്ന സാധുജനങ്ങൾക്കിടയിലും ആണ് കപടസ്നേഹം ചൂടപ്പംപോലെ വിറ്റഴിക്കപ്പെടുന്നത്. 'പണം കടം വാങ്ങാൻ വന്നപ്പോൾ എന്തൊരു സ്നേഹം ആയിരുന്നു തിരിച്ച് ചോ



www.malankaralibrary.com

ദിച്ചപ്പോൾ വിധംമാറി' എന്നു പറഞ്ഞു കേട്ടിട്ടില്ലേ? 'നിനക്കുവേണ്ടി മരിക്കും' എന്ന് സ്വന്തം ചോരകൊണ്ട് എഴുതിതന്ന വനാ ഇപ്പോൾ വിളിച്ചാൽ ഫോൺ പോലും എടുക്കില്ല, എന്നും പറഞ്ഞു കേട്ടിട്ടില്ലേ? 'എല്ലാദിവസവും പലഹാര പൊതിയുമായി വന്ന് എന്നെ കെട്ടിപ്പിടിച്ച് ഉമ്മ തരുമായിരുന്നു. അമ്മയെ പൊന്നുപോലെ നോക്കും എന്ന് ആണയിട്ടു പറയുമായിരുന്നു. അതുകൊണ്ടാ വീടും പറമ്പും അവന്റെ പേരിൽ എഴുതി കൊടുത്തത്. എനിക്ക് ഈ ഗതി വന്നല്ലോ എന്റെ ഈശ്വരാ ......!' ഇങ്ങനെയും കേട്ടിട്ടില്ലേ? 'ഞങ്ങൾ ഭരണത്തിൽ എത്തിയാൽ നിങ്ങൾക്ക് പൊന്നുകൊണ്ട് പുളിശ്ശേരി വച്ചുതരും' എന്നു പറയുന്ന രാഷ്ട്രീയക്കാരെ കണ്ടിട്ടില്ലേ? ഇവയെല്ലാം കപട സ്നേഹത്തിന്റെ ഉദാഹരണങ്ങൾ തന്നെയാണ്. ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന ലൗ ജിഹാദിന്റെയും നർക്കോട്ടിക്ക് ജിഹാദിന്റെയും എല്ലാം പിന്നിൽ ഇതേ രാക്ഷസൻ തന്നെയാണ്.

**സ്നേഹത്തിൻറെ രുചി എന്താണ് ?**

തേൻപോലെ മധുരിക്കുന്നതെന്തോ അതാണ് സ്നേഹം എന്നാണ് പലരുടെയും ധാരണ. അതുകൊണ്ടുതന്നെയാണ് മധുര വാക്കിന്റെയും മധുര സ്വപ്നങ്ങളുടെയും പിന്നാലെ മനുഷ്യൻ പായുന്നത്. ഒരുപാട് ദൂരം ഓടി കഴിഞ്ഞ് 'വെറും അക്കരപ്പച്ച' ആണെന്ന് തിരിച്ചറിയുമ്പോൾ തിരികെ വരാൻ പറ്റാതെ ആ കുഴിയിൽ തന്നെ ജീവിക്കേണ്ടി വരുന്നവർ എത്രയോ ആയിരങ്ങളാണ്. യഥാർത്ഥ സ്നേഹത്തിന് എരിയും പുളിയും, കയ്പും മധുരവും, ചവർപ്പും എല്ലാമുണ്ട് 'മൂത്തവർ ചൊല്ലും മുതുനെല്ലിക്കയും ആദ്യം കയ്ക്കും പിന്നെ മധുരിക്കും' എന്ന പഴഞ്ചൊല്ലിൽ യഥാർത്ഥ സ്നേഹത്തിന്റെ ധ്വനിയാണ് ഉൾക്കൊണ്ടിരിക്കുന്നത്. കലർപ്പില്ലാത്ത സ്നേഹം പലപ്പോഴും ആദ്യം കയ്ച്ചെന്നു വരാം. പിന്നീട് മധുരമായി നിലനില്ക്കും. എന്നാൽ കപടസ്നേഹം ആദ്യമാദ്യം മധുരിക്കുകയും പിന്നീട് ശാശ്വതമായി കയ്ക്കുകയുംചെയ്യും.

**സ്നേഹത്തിന്റെ രുചിഭേദങ്ങൾ കുഞ്ഞുങ്ങൾക്ക് പഠിപ്പിച്ച് നൽകേണ്ടതുണ്ട്**

ബാല്യത്തിൽതന്നെ സ്നേഹത്തിന്റെ രുചിഭേദങ്ങൾ അറിയാതെ വളരുന്ന കുട്ടികൾ കണ്ണീരും ശാപവും സമ്മാനിക്കുന്നു. 'അധികമായാൽ അമൃതും വിഷം' എന്ന ചൊല്ലുപോലെ അമിത സ്നേഹം വിപത്തിലേക്ക് വഴിതെളിക്കും. മക്കളുടെ ബാല്യകാലത്ത് അവരുടെ താളത്തിനൊത്ത് തുള്ളുന്ന മാതാപിതാക്കൾ, സ്നേഹത്തെ വിഷമാക്കി മാറ്റുകയാണ് ചെയ്യുന്നത്. കണ്ണിൽ കാണുന്ന കളിപ്പാട്ടങ്ങൾക്കുവേണ്ടി മക്കൾ ശാഠ്യം പിടിക്കുമ്പോൾ അതെല്ലാം വാങ്ങി നൽകുകയും, അതു നശിപ്പിക്കുമ്പോൾ നിസ്സംഗത പാലിക്കുകയും, മക്കളുടെ ദുശാഠ്യങ്ങൾക്കെല്ലാം കൂട്ടു നിൽക്കുകയും ചെയ്യുമ്പോൾ സ്നേഹം കൊലക്കയർ ആയി പിണിചേരുകയാണ്.

ആഗ്രഹങ്ങൾ പ്രായത്തിനു മുമ്പ് വളരുകയും അവ നിയന്ത്രിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. മോഹങ്ങൾ കളിപ്പാട്ടങ്ങളിൽ നിന്നും സൈക്കിളിലേക്കും, പ്രായപൂർത്തിയാകും മുമ്പ് ബൈക്കിലേക്കും വളരും. ബൈക്ക് വാങ്ങി നൽകിയാൽ അപകടമായും നൽകിയില്ലെങ്കിൽ ആത്മഹത്യയായും മാറും. അങ്ങനെ മാതാപിതാക്കൾ നൽകിയ സ്നേഹത്തിൻറെ പാശം കൊലക്കയർ ആയി മക്കളുടെ കഴുത്തിൽ മുറുകും. അടുത്തത് ഇതിന്റെ തന്നെ ഒരു ഫോട്ടൊസ്റ്റാറ്റ് കോപ്പിയാണ്. ഗൾഫുനാടുകളിൽ (വിദേശരാജ്യങ്ങളിൽ ) ജോലി ചെയ്യുന്നവർ പട്ടിണിയും മുഴു പട്ടിണിയുമായി പൊരിയുന്ന വെയിലേറ്റ് അധ്വാനിച്ച് നാട്ടിലേക്ക് പണം അയക്കുമ്പോൾ, ആ പണം ദുർവിനിയോഗം ചെയ്യുന്നുണ്ടോ എന്ന് അന്വേഷിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ 'കറവ പറ്റിയ പശുവിനെ ഇറച്ചിവെട്ടുകാരന് വിറ്റു' എന്ന് പറഞ്ഞതുപോലെ മധുര സ്നേഹം കയ്പ്പുതന്നെ സമ്മാനിക്കും.

വണ്ടിക്ക് ബ്രേക്ക് ഉണ്ട് എന്ന ധൈര്യമാണ് ഡ്രൈവറുടെ ധൈര്യം; അതുപോലെ സ്നേഹത്തിന് ഒരു അകലമുണ്ട്; അത് വിവേകമാണ്. സ്നേഹത്തിന്റെ കൊടുക്കൽ വാങ്ങലുകളിൽ വിവേകം ഇല്ലെങ്കിൽ വിപത്താണ് ഫലം. ഈ ലേഖനത്തിന്റെ ആദ്യ ഭാഗത്ത് പറഞ്ഞിരിക്കുന്ന പോസിറ്റീവ് ഗുണങ്ങൾ പാചകകൂട്ടുപോലെ ആണെന്ന് മനസിലാക്കുകയും ഓരോ വ്യക്തികളോടും ഉള്ള സ്നേഹത്തിന് ഇവയെല്ലാം നിശ്ചിത അനുപാതത്തിൽ മാത്രമെ ചേർക്കാൻപാടുള്ളൂ എന്ന് തിരിച്ചറിയുകയും വേണം. എന്നുവച്ചാൽ മാതാപിതാക്കൾക്കും മക്കൾക്കും അയൽക്കാരനും അപരിചിതനും നല്കുന്ന സ്നേഹത്തിന്റെ റസിപ്പി ഒന്നായി കൂടാ എന്നർത്ഥം.

നന്ദി

www.malankaralibrary.com



# ജീവിതയാത്ര

കനകമ്മ
തിരുവനന്തപുരം

കാറ്റിൽ പറക്കുന്ന കാറ്റാടിപോലെയെൻ
ജീവിതം ഉലയുന്നു; ഭീതിയുണർത്തുന്നു.
കരയുവാൻ മാത്രമായ് പിറന്നോരെൻ ജീവിതം
കവിതയായ് അലിയുന്നു ചക്രവാളങ്ങളിൽ

ജീവിതയാത്രയിൽ എൻ ദുഃഖമറിയുവാൻ
ആരുമീ ലോകത്തിലില്ലയെൻ ദൈവമേ
കഥയറിയാത്ത മനുഷ്യർ ദിനങ്ങളെ
മരവിച്ച മനസ്സുമായ് തള്ളിനീക്കിടുന്നു

വേദനതിങ്ങുന്ന മനസ്സും ശരീരവും
താനേ തളർത്തുന്ന ജീവിതഭാരവും
നോവുണർത്തീടുന്ന ജീവിതസ്മൃതികളും
ബലമേകൂ എന്നും ജഗദീശനാം ഗുരോ
തളരാതെ തകരാതെ മുമ്പേ ഗമിക്കുവാൻ

www.malankaralibrary.com

# തടവറയിലെ പ്രേഷിത പ്രവർത്തനം

ജയിലുകൾക്കുള്ളിൽ കഴിയുന്നവരെ സമൂഹം എപ്പോഴും വെറുപ്പോടും, പുച്ഛത്തോടും കൂടിയാണ് കാണുന്നത്. ജയിലുകൾക്കുള്ളിൽ അകപ്പെട്ടവർ ദുഃഖിതരും, നിരാശരും നിർഭാഗ്യവാന്മാരുമാണ്. പുറത്തേയ്ക്കിറങ്ങുമ്പോൾ  അവരേയും, അവരുടെ ബന്ധുമിത്രാദികളേയും, സമൂഹം എപ്രകാരമാണ് വീക്ഷിക്കുന്നത്. മാനസികമായും, ശാരീരികമായും, സാമൂഹ്യമായും, എല്ലാവിധത്തിലും തകർന്നവരാണ് തടവറയ്ക്കുള്ളിലുള്ളവരും അതിൽ നിന്നും പുറത്തേയ്ക്കു വന്നവരും.

കഴിഞ്ഞ ഇരുപത്തിയഞ്ചുവർഷമായി ജയിലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ തടവറ മക്കളെ സന്ദർശിക്കുവാനും, സമാശ്വാസിപ്പിക്കുവാനും കഴിഞ്ഞ ഒരു വ്യക്തിയെന്ന നിലയിൽ, ജയിലുകളിൽ സേവനം ചെയ്യുന്ന സന്നദ്ധപ്രവർത്തകരെ എനിക്കറിയാം. അവരുടെ നിസ്തുലമായ, നിസ്വാർത്ഥമായ പ്രവർത്തനങ്ങൾ ആദരിക്കപ്പെടേണ്ടതാണ്. തടവറമക്കളുടെ അഭിവൃദ്ധിക്കും, ഉന്നതിക്കും ജീസസ്സ് ഫ്രട്ടണിറ്റിപോലുള്ള സംഘടനകളുടെ പ്രവർത്തനങ്ങൾ വളരെയേറെ ഉപകാരപ്രദമാണ്. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സഹായത്തോടും, സഹകരണത്തോടും കൂടി വളരെയേറെ കാര്യങ്ങൾ ജയിലുകൾക്കുള്ളിൽ ചെയ്യുവാൻ കഴിഞ്ഞ ഒരു വ്യക്തിയെന്ന നിലയിൽ അവരുടെ പ്രവർത്തനങ്ങളെ അനുമോദിക്കുകയും പ്രവർത്തനങ്ങൾക്ക് എല്ലാവിധ വിജയാശംസകളും നേരുകയും ചെയ്യുന്നു. കോട്ടയം ജില്ലയിൽ രണ്ട് ജയിലുകളിൽ തയ്യൽ മെഷീൻ വാങ്ങിക്കൊടുത്ത് കോറോണ കാലത്ത് മാസ്ക്ക് നിർമ്മിക്കുവാൻ കഴിഞ്ഞത് വളരെയേറെ അഭിമാനത്തോടു കൂടി അനുസ്മരിക്കുന്നു. ഡോക്ടർ അലക്സാണ്ടർ ജേക്കബ് സാറിന്റെ കാലത്ത് സന്നദ്ധ സംഘടനകൾക്ക് കൗൺസിലിംഗിനും മറ്റും ധാരാളം അവസരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഒരിക്കൽക്കൂടി വിജയാശംസകൾ നേരുന്നു. ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ജോർജ്ജുകുട്ടി,**
**പ്രൊബേഷൻ ആഫീസർ,**
**വയനാട് ജില്ല.**





www.malankaralibrary.com

നിരീക്ഷണം

# ലഹരിയുടെ പടുകുഴിയിൽ കേരളം

**നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, ഇന്ത്യയിലെ പ്രധാനപ്പെട്ട പത്തൊമ്പത് പട്ടണങ്ങളിലെ കുറ്റകൃത്യ നിരക്കുകളിൽ മൂന്നാം സ്ഥാനമാണ് കൊച്ചിക്ക് ഉള്ളത്. ഒരുലക്ഷം പേരിൽ 1603 കുറ്റകൃത്യങ്ങൾ ഇവിടെ റിപ്പോർട്ട് ചെയ്യപ്പെടുന്നു. കൊച്ചിയിൽ മാത്രമല്ല, കേരളത്തിലെ മറ്റ് പട്ടണങ്ങളിലും ഗ്രാമപ്രദേശങ്ങളിലും കുറ്റകൃത്യങ്ങളുടെ എണ്ണവും നിരക്കും വർദ്ധിക്കുകയാണ് എന്നാണ് റിപ്പോർട്ടുകൾ. ഇത്തരത്തിൽ വർദ്ധിക്കുന്ന കുറ്റകൃത്യങ്ങൾക്ക് പിന്നിൽ ലഹരി ഉപയോഗത്തിന്റെയും, ലഹരി മാഫിയകളുടെ ഇടപെടലുകളുടെയും പങ്ക് അമ്പരപ്പിക്കുന്നതാണ്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്ഥമായി, പെൺകുട്ടികളും സ്ത്രീകളും ലഹരി ഉപയോഗത്തിലേയ്ക്കും ലഹരി അനുബന്ധ കുറ്റകൃത്യങ്ങളിലേയ്ക്കും വ്യാപകമായി കടന്നുവരുന്നതായാണ് റിപ്പോർട്ടുകൾ. വർദ്ധിച്ചുവരുന്നതും, നിയന്ത്രണാതീതവുമായ ലഹരി ഉപയോഗം സൃഷ്ടിക്കുന്ന അപകടാവസ്ഥയെക്കുറിച്ചുള്ള വിശകലനമാണ് ഈ ലേഖനം.**

2022 ഓഗസ്റ്റ് മാസം അന്നത്തെ സംസ്ഥാന എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ നടത്തിയ ചില വെളിപ്പെടുത്തലുകൾ നടുക്കമുളവാക്കുന്നതാണ്. സമീപവർഷങ്ങളായി ഉയരുന്ന ആരോപണങ്ങളെ ശരിവയ്ക്കുന്നതാണ് അദ്ദേഹത്തിന്റെ വാക്കുകൾ. അടുത്ത കാലങ്ങളായി പുറത്തുവന്നുകൊണ്ടിരിക്കുന്ന ചില വാർത്തകളും കൂട്ടിവായിച്ചാൽ കേരളം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന അവസ്ഥയുടെ ഭീകരചിത്രം വ്യക്തമാണ്. എംഡിഎംഎ പോലുള്ള മാരകമായ മയക്കുമരുന്നിന് നഗര ഗ്രാമ ഭേദമില്ലാതെ സ്കൂൾകുട്ടികളിൽപോലും ഒരു വിഭാഗം അടിമകളാണ് എന്നാണ് വാർത്തകൾ വ്യക്തമാക്കുന്നത്. മയക്കുമരുന്ന് മാഫിയയുടെ കരാളഹസ്തങ്ങളിൽ അകപ്പെട്ടിരിക്കുന്ന ഇന്നത്തെ യുവത്വത്തെക്കുറിച്ചോർത്ത് വിലപിക്കാനേ ലോകത്തിന് കഴിയൂ എന്നാണ് അവസ്ഥ.

മുൻകാലങ്ങളിലേതിൽനിന്ന് വ്യത്യസ്തമായി വലിയ രീതിയിൽ കേരളത്തിൽ മയക്കുമരുന്ന് പിടിക്കപ്പെടുന്നുണ്ട് എന്ന് പറയുന്ന മന്ത്രി, പിടിക്കപ്പെടുന്നതിലും എത്രയോ അധികമാണ് ഉപയോഗിക്കപ്പെടുന്നത് എന്ന തന്റെ ബോധ്യവും വെളിപ്പെടുത്തുന്നുണ്ട്. ഇപ്പോൾ പിടിക്കപ്പെടുന്ന എല്ലാവരുടെയുംതന്നെ കയ്യിൽ എംഡിഎംഎ കാണപ്പെടുന്നതിനാൽ അതിന് വലിയ വ്യാപനമുണ്ടെന്ന് വേണം കരുതാൻ. അത്തരത്തിൽ ചിന്തിച്ചാൽ, കേരളം ഇന്ന് മയക്കുമരുന്ന് മാഫിയയുടെ വലിയ വിപണന കേന്ദ്രമായി മാറിക്കഴിഞ്ഞിട്ടുണ്ട് എന്നും അദ്ദേഹം

www.malankaralibrary.com

തുറന്നു സമ്മതിക്കുന്നു. പത്തുവയസ് മുതലുള്ള കുട്ടികൾപോലും കേരളത്തിൽ ലഹരി ഉപയോഗിക്കുന്നവരായുണ്ട് എന്നുള്ളതാണ് അദ്ദേഹത്തിന്റെ മറ്റൊരു വെളിപ്പെടുത്തൽ.

സുഹൃത്തുക്കൾ മയക്കുമരുന്നു നൽകി പീഡിപ്പിച്ചിരുന്നതായി കണ്ണൂർ സ്വദേശിയായ ഒരു സ്കൂൾ വിദ്യാർത്ഥിനി നടത്തിയ വെളിപ്പെടുത്തലും കേരളത്തിന്റെ ഇന്നത്തെ അവസ്ഥയുടെ നേർചിത്രമാണ്. താൻ മാത്രമല്ല, നിരവധി കുട്ടികൾ ഇത്തരത്തിൽ ദുരുപയോഗിക്കപ്പെടുകയും മയക്കുമരുന്നിന് അടിമകളാക്കപ്പെടുകയും ചെയ്യുന്നുണ്ട് എന്നും പെൺകുട്ടി പറയുന്നു. എക്സൈസ് മന്ത്രിയുടെ തന്നെ വെളിപ്പെടുത്തൽ പ്രകാരം ഊർജ്ജവും ഉന്മേഷവും ലഭിക്കാൻ എന്ന പേരിലാണ് കുട്ടികളിലേക്ക് മയക്കുമരുന്ന് ഉപയോഗം വ്യാപിക്കുന്നത്. അതുതന്നെയാണ് കണ്ണൂരിൽ ദുരനുഭവങ്ങൾ നേരിട്ട പെൺകുട്ടിക്ക് പറയാനുള്ളതും. ഒരുപക്ഷെ, തങ്ങൾ ഉപയോഗിക്കുന്നത് മയക്കുമരുന്നാണ് എന്ന് തിരിച്ചറിയാതെയാണ് ബഹുഭൂരിപക്ഷം കുട്ടികളും ഇതിന് അടിമകളാകുന്നുണ്ടാവുക. സങ്കൽപ്പിക്കാൻ കഴിയുന്നതിലും കൂടുതൽ അപകടകരമാണ് ഇന്നത്തെ സാഹചര്യം എന്ന സൂചനയാണ് ഇതുപോലുള്ള വെളിപ്പെടുത്തലുകളിലൂടെ ലഭിക്കുന്നത്.

അക്രമസ്വഭാവവും ആത്മഹത്യകളും കുട്ടികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ഒരു സാഹചര്യംകൂടി ഇന്നത്തെ കേരളത്തിലുണ്ട്. കേവലം പത്തോ പന്ത്രണ്ടോ വയസ് മാത്രമുള്ള ഒരു ആൺകുട്ടി പണം ആവശ്യപ്പെട്ട് രൂക്ഷമായ അക്രമസ്വഭാവം പ്രകടിപ്പിക്കുന്ന ഒരു വീഡിയോ സമീപകാലത്ത് സോഷ്യൽമീഡിയയിൽ പ്രചരിച്ചിരുന്നു. കാരണമെന്തെന്ന് അറിയാതെയുള്ള ഇത്തരം പ്രകൃതങ്ങൾ കുട്ടികൾക്കിടയിൽ വർദ്ധിച്ചു വരുന്ന കാഴ്ചകൾക്ക് മയക്കുമരുന്ന് ഉപയോഗവുമായി ബന്ധമുണ്ടോ എന്ന് വ്യക്തമായ അന്വേഷണം ആവശ്യമുണ്ട്. എംഡിഎംഎ പോലുള്ള ആധുനിക സിന്തറ്റിക് മയക്കുമരുന്നുകളുടെ പ്രത്യേകത ഉപയോഗം വളരെ കുറഞ്ഞ അളവിലായാലും ലഹരി കൂടുതലായിരിക്കും എന്നുള്ളതാണ്. വളരെ കുറഞ്ഞ അളവിൽ ഉപയോഗിക്കപ്പെടുന്നതിനാൽ മാതാപിതാക്കൾക്കോ സുഹൃത്തുക്കൾക്കോ പോലും മയക്കുമരുന്ന് ഉപയോഗിക്കുന്നതായി സൂചന ലഭിച്ചെന്ന് വരില്ല. സ്വഭാവത്തിൽ വരുന്ന മാറ്റങ്ങൾക്ക് കാരണം മറ്റെന്തെങ്കിലുമാകാം എന്ന് സംശയിച്ചേക്കാം. ഒരുപക്ഷെ അത്തരത്തിലുള്ള സൂചനകൾ കൊടുക്കാതിരിക്കാൻ ഉപയോഗിക്കുന്നവരും മുൻകരുതലുകൾ സ്വീകരിക്കാനിടയുണ്ട്. പക്ഷെ, ഒരു ഘട്ടം കഴിയുമ്പോൾ കാര്യങ്ങൾ കൈവിട്ടുപോവുകയും, വലിയ മാനസിക - ആരോഗ്യ പ്രശ്നങ്ങളിലേക്കും അഡിക്ഷനിലേയ്ക്കും വ്യക്തി എത്തിച്ചേരുകയും ചെയ്യും. കാരണമറിയാത്തതും വർദ്ധിച്ചുവരുന്നതുമായ ആത്മഹത്യകൾക്ക് പിന്നിലും മയക്കുമരുന്നിന്റെ ഉപയോഗമുണ്ടോ എന്നുള്ളതും സംശയിക്കാവുന്നതാണ്.

സൗജന്യമായി ലഭിച്ചുതുടങ്ങുന്ന മയക്കുമരുന്നിന് ക്രമേണ അടിമകളായിത്തുടങ്ങുമ്പോൾ തുടർന്ന് അത് പണം കൊടുത്ത് വാങ്ങേണ്ടതായി വരുന്ന സാഹചര്യം ഉടലെടുക്കുന്നു. അപ്പോൾ ഉപയോഗിക്കുന്ന കുട്ടികൾ തന്നെ കാരിയർമാരും ആയിമാറുന്ന അവസ്ഥയുമുണ്ടാകുന്നു. അത്തരത്തിലാണ് കുട്ടികൾക്കിടയിൽ മയക്കുമരുന്ന് വളരെ വേഗത്തിൽ പ്രചരിക്കുന്നത് എന്നാണ് സൂചനകൾ. ഇത്തരത്തിൽ കേരളത്തിലെ സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്ന് വ്യാപിപ്പിക്കൽ ലക്ഷ്യമിടുന്ന മാഫിയകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട് എന്നുള്ളത് സുവ്യക്തമാണ്. ഇത്തരം യാഥാർഥ്യങ്ങളെല്ലാം വളരെ വ്യക്തമായിട്ടും സർക്കാർ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിക്കാത്തത് ദുരൂഹമാണ്.

ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സൂചനകൾ പ്രകാരം കേരളത്തിൽ വളരെ വ്യാപകമായി മാരകമായ പുതുതലമുറ മയക്കുമരുന്നുകൾ ഉപയോഗിക്കപ്പെടുന്നുണ്ട് എന്നും, മന്ത്രിയുടെ തന്നെ ധാരണകൾ പ്രകാരം അത്തരം മയക്കുമരുന്നുകൾ വരുന്നത് അഫ്ഘാനിസ്ഥാൻ, ഇറാൻ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നാണ് എന്നും വരുമ്പോൾ മയക്കുമരുന്നും തീവ്രവാദ പ്രവർത്തനങ്ങളും തമ്മിലുള്ള ബന്ധം തള്ളിക്കളയാനാവില്ല. ഒരു വലിയ തലമുറയുടെ പ്രവർത്തനശേഷിയേയും, നാടിന്റെ തന്നെ ഭാവിയെയും നേരിട്ട് ബാധിക്കുന്ന വിധത്തിൽ മയക്കുമരുന്നിന്റെ ഉപയോഗം ഇവിടെ വർദ്ധിച്ചിട്ടുണ്ടെങ്കിൽ അക്കാര്യത്തിലും ദേശവിരുദ്ധ ശക്തികളുടെ പങ്ക് സ്വാഭാവികമായും സംശയിക്കാം. കേന്ദ്ര അന്വേഷണ ഏജൻസികളെയും, സംസ്ഥാന പോലീസ് സേനയെയും, എക്സൈസ് വകുപ്പിനെയും സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ അന്വേഷണങ്ങളാണ് ഇവിടെ ഉണ്ടാകേണ്ടത്. ഒപ്പം, വിദ്യാർത്ഥികൾക്കിടയിൽ സംഭവിച്ചിരിക്കുന്ന മയക്കുമരുന്ന് വ്യാപനത്തിന്റെ ആഴവും വ്യാപ്തിയും കണ്ടെത്തി സ്കൂളുകളുടെയും അധ്യാപകരുടെയും സഹായത്തോടെ അതിൽനിന്ന് അവരെ മോചിപ്പിക്കാനുള്ള ഫലപ്രദമായ ശ്രമങ്ങൾ ഉണ്ടാകണം. രാഷ്ട്രീയ സ്വാധീനങ്ങളുടെയും, വർഗ്ഗീയ ശക്തികളുടെ ഇടപെടലുകളുടെയും പേരിൽ ഇത്തരമൊരു വിഷയത്തെ നിസ്സാരവൽക്കരിച്ച് നാടിന്റെ ഭാവി നശിപ്പിക്കാൻ ഭരണകൂടം കൂട്ടുനിൽക്കാൻ പാടില്ല. ●

www.malankaralibrary.com

## സെമിനാരി യൂണിറ്റുകൾ









## ആഘോഷ നിമിഷങ്ങൾ













www.malankaralibrary.com

## ജയിൽ സന്ദർശനം





## എക്സിക്യൂട്ടീവ്, സോണൽ മീറ്റിങ്ങുകൾ

